
കൊട്ടാരം ലേഖികയുടെ അഭിമുഖങ്ങൾ

(മഹാഭാരതപുനരാഖ്യാനം: ഭാഗം മുപ്പത്തിയഞ്ച്)

കെ പി നിർമ്മൽകുമാർ



കൊട്ടാരം ലേഖികയുടെ അഭിമുഖങ്ങൾ
കെ പി നിർമ്മൽകുമാർ
(മലയാളം: മഹാഭാരതപുനരാഖ്യാനം, ഭാഗം മുപ്പത്തിയഞ്ച്)

© 2015–2025, K P Nirmalkumar

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeLaTeX from TeXLive 2023 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

Cover: Yudhishthira with Bhisma in a Pavilion, a painting by Fattu. The image is taken from Wikimedia Commons and is gratefully acknowledged.

Sayahna Foundation
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

— 35 —

“ഖാണ്ഡവവന അഗ്നിബാധ ദേശീയ ദുരന്തമായി പ്രഖ്യാപിക്കണം എന്ന് വിദുരർ പറയുന്നല്ലോ”, കൊട്ടാരം ലേഖിക പറഞ്ഞു.

“ദുരന്ത നിവാരണനിധിയിൽ നിന്ന് ദുര്യോധനന്റെ ശ്രമത്തിൽ നിർലോഭ സഹായം കിട്ടിയാൽ പാഞ്ചാലിയുൾപ്പെടെ ആറു അഭയാർഥികൾ അന്തിയുറങ്ങാൻ ഒരു കൂര മാത്രമല്ല ഇവിടെ പണിയുക, കത്തിയെരിഞ്ഞ ഈ കൊടുംകാടിൽ യമുനയെ വഴി തിരിച്ചു വിട്ടു, പുതു നഗരം പണിയാൻ കഴിയും. വലിയ തോതിൽ സഹകരണ മനോഭാവത്തോടെ വനം കത്തുമെന്നും അതൊരു ദേശീയ ദുരന്തവാർത്ത ആക്കി നിങ്ങൾ മാറ്റുമെന്നും അറിയാൻ ഞങ്ങൾ, കഷ്ടം, വിട്ടുപോയി”, നശിക്കപ്പെട്ട ആവാസ വ്യവസ്ഥയിൽ ഇനി ഒരു പക്ഷിയും മൃഗവും ബാക്കിയില്ലെന്ന ഉറപ്പു വരുത്തി, മറ്റു പാണ്ഡവരുമായി ഇനിയെന്ത് വേണം നാം കൂടിയേറ്റക്കാർ എന്ന അവലോകന യോഗം കഴിഞ്ഞു പുറത്തു വരികയായിരുന്ന യുധിഷ്ഠിരൻ.

◇ 2025/05/04 ◇

“ബ്രഹ്മചര്യം അടിമുടി പരിപാലിക്കുന്നതിൽ ആരും ഭീഷ്മരുടെ സദാചാരബോധം ചോദ്യം ചെയ്യുന്നില്ല, കടുത്ത സ്ത്രീവിരോധി ആവാൻ മാത്രം എന്ത് തെറ്റവർ നിങ്ങളോട് ചെയ്തു എന്നാണവരുടെ പരിദേവനം” കൊട്ടാരം ലേഖിക ചോദിച്ചു.

“കിരീടാവകാശി ഇല്ലാതെ മൻരാജാവ് വിചിത്രവീര്യൻ മരിച്ചപ്പോൾ, അമ്മമഹാറാണി സത്യവതി, പിന്തുടർച്ചക്കായി കൊട്ടാരത്തിൽ പരക്കം പായുന്നതൊക്കെ ഞാനും ഒരു മൂലയിലിരുന്നു കാണുന്നുണ്ടായിരുന്നു. പിന്തുടർച്ച, സത്യവതി ആഗ്രഹിച്ചപോലെ സംഭവിക്കുന്നില്ലെങ്കിൽ, അവൾ ദത്തെടുക്കുന്ന കട്ടി പ്രായപൂർത്തി ആവും വരെ, രാജപ്രതിനിധിയായി ഞാൻ ചെങ്കോൽ കൈവശം വക്കുക അത്ര ലഘു, കുരുവംശ ഹസ്തിനപുരി രാജ്യത്തിൻറെ ഭാവി. അഭിപ്രായം ഞാൻ സമപ്രായക്കാരി രാജമാതാ സത്യവതിയോട് പരസ്യപ്രതിജ്ഞ പോലെ പറഞ്ഞപ്പോൾ, പരേതരാജാവിന്റെ യുവവിധവകൾ, അംബിക, അംബാലിക എന്നീ രണ്ടുപേരും സമ്മതിച്ചതാൻ തയ്യാറായില്ല. മത്സരിച്ചു കൊണ്ടവർ, എന്നാൽ പരസ്പരം രഹസ്യാത്മകത പുലർത്തി, “എനിക്ക് ഗർഭം ധരിക്കാൻ പാകത്തിൽ ഭീഷ്മർ എന്ന നിങ്ങൾ ബീജദാനിയാവണ”മെന്നെന്നോടാവർ ആവശ്യപ്പെട്ടു. ഒരു നിബന്ധന! ഭീഷ്മബീജദാനം രാജമാതാ സത്യവതി അറിയരുത്. ഇപ്പോഴും ഗർഭക്ഷമതയുള്ള യുവരാജമാത പറഞ്ഞു, ഞാനവൾക്ക് ബീജദാനത്തിലൂടെ ഒരു ആൺസന്തതിയെ കൊടുക്കണം. ഉടലകഴകുള്ള ഈ മൂന്ന സ്ത്രീകളുടെയും രതിപ്രലോഭനത്തിനു, അവരർഹിക്കുന്ന രഹസ്യാത്മകതയോടെ ഞാൻ വഴങ്ങുന്നില്ലെങ്കിൽ?, പ്രബലഭീഷ്മശത്രുക്കളുമായി കൂട്ടുചേർന്ന എനിക്കെതിരെ ലൈംഗികാതിക്രമം പരാതി ആരോപിക്കും. ധീരനെന്ന പോയകാലപ്രതിച്ഛായ ഉണ്ടെങ്കിലും, സമ്മർദ്ദം ചെലുത്തുന്ന മൂന്ന് രതിപ്രലോഭനങ്ങളെ അതിജീവിക്കാൻ ഭീഷ്മബ്രഹ്മചര്യം ഇനിയെങ്കിലും ജൈവിക കരുത്തു കാണിക്കുമോ? അതോ, ഞാൻ വഴങ്ങുമോ? എന്റെ ബ്രഹ്മചര്യപ്രതിച്ഛായ, തന്റേടികളായ ഈ മൂന്ന സ്ത്രീകളാൽ അങ്ങനെ എന്നെന്നേക്കുമായി കളങ്കപ്പെടുമോ? ഇതായിരുന്ന ഞാൻ നേരിട്ട ബ്രഹ്മചര്യപ്രതിസന്ധി. ഇതെങ്ങനെ ഞാൻ പരിഹരിച്ചു എന്നതു കുമ്പസാരിക്കേണ്ട വേദിയല്ല ഇതെന്ന് ഓർക്കുമല്ലോ. മൂന്നുപേരെയും പിൽക്കാലത്തു മാതൃകയാക്കി എന്റെ ഐതിഹാസിക സ്ത്രീവിരോധം മുന്നേറി. ഒന്നും വിലകുറച്ചു നിങ്ങൾ മഹാഭാരതത്തിൽ കാണരുത്!”

◇ 2025/05/05 ◇

“പ്രകോപിതയായാൽ പാഞ്ചാലിയെ പിന്നെ ആർക്കും പിടിച്ചുകെട്ടാൻ ആവില്ലെന്ന് അർജ്ജുനൻ ഇടക്കിടെ അഭിമുഖങ്ങളിൽ പറയുന്നുണ്ടല്ലോ. ഇളമുറ മാദ്രീപുത്രന്മാർക്കും അങ്ങനെ രൂക്ഷനിലപാട് ഉണ്ടോ?”, കൊട്ടാരം ലേഖിക നകുലനോട് ചോദിച്ചു.

“പാണ്ഡു, മാദ്രി, കുന്തി, ധൃതരാഷ്ട്രർ, ഗാന്ധാരി, ഭീഷ്മർ, സത്യവതി ഇങ്ങനെ, ഞങ്ങൾക്ക് അല്പസ്വല്പം കേട്ടറിവു മാത്രമുള്ള ആദ്യകാല അരമനവിഴുപ്പുകൾ അപ്പോൾ പാഞ്ചാലി വലിച്ച താഴെ ഇടും, അതോടെ ഞങ്ങൾ പൈതൃകത്തിന്റെ ഭാരിച്ച ജൈവമാലിന്യവും പേറി അവൾക്ക് മുമ്പിൽ വിനീതവിധേയരാവും. പാണ്ഡവരുടെ കുപ്രസിദ്ധ കുടുംബചരിത്രം മതി ഒരു കുടിലഭാര്യക്ക് ദുരഭിമാനികളായ ഭർത്താക്കന്മാരുടെ മാനം കെടുത്താൻ!” ചാരപദവി വഹിക്കുന്ന നകുലൻ ആകുലനായി.

“ഉത്തരയുടെ നൃത്താധ്യാപികയെന്ന നിലയിൽ, നിങ്ങൾക്ക് നിർഭയമായും ലിംഗനീതി പൂർവ്വമായും തൊഴിൽ ചെയ്യാൻ അരമനമേധാവി സാഹചര്യ മൊരുക്കണമെന്ന ആവശ്യം തുറന്നന്നയിക്കുന്നതിന്റെ ലക്ഷ്യമെന്താണ്? എന്തുണ്ടായി പ്രകോപനം?”, കൊട്ടാരം ലേഖിക ഭിന്നലിംഗ ബൃഹന്നളയോട് ചോദിച്ചു. വിരാടരാജകുമാരി ഉത്തര യുടെ നൃത്തമണ്ഡപം. പാണ്ഡവ അജ്ഞാതവാസം. ഇന്ദ്രപ്രസ്ഥത്തിലെ അർജ്ജുനൻ തന്നെയാണോ ഈ കാണുന്ന ബൃഹന്നള എന്ന് ഹസ്തിനപുരിയിൽ അടക്കിപ്പിടിച്ചു അഭ്യൂഹം പ്രചരിക്കുന്ന കാലം.

“പെൺവേഷ നൃത്താധ്യാപികയാണു ഞാനെന്ന കീചക ആക്ഷേപം! അത് തന്നെയാണ് പ്രകോപനം. പൂർവ്വാശ്രമത്തിൽ ആണുടലായിരുന്ന എന്ന് ലിംഗനീതി സംവാദത്തിൽ സമ്മതിച്ചാൽ പോലും, മൂന്നാംലിംഗ പദവിക്ക് അംഗീകാരവും സാമൂഹ്യമേന്മയും വേണമെന്ന് ഞാൻ വാശിപിടിക്കില്ലേ? അതെങ്ങനെ കൊട്ടാരത്തിന്നെതിരെ കലാപമുയർത്താനുള്ള ശ്രദ്ധാലോചനയാവും? പൂർവ്വാശ്രമത്തിൽ പരിച പിടിച്ചിരുന്ന എന്ന് കരുതി, ഈ കൈകൾക്കു, മാറിയ ലിംഗസാഹചര്യത്തിൽ, രാജകുമാരിയെ തൊട്ടും തലോടിയും പഠിപ്പിക്കാൻ അവകാശമില്ലേ? വ്യത്യസ്ത തൊഴിലുകളിൽ നൈപുണ്യം തേടുന്നതിൽ ആർക്കെന്തി നാണിത്ര അസഹ്യത? നാളെ ഗോസമ്പത്തു മോഷ്ടിക്കാൻ ഏതെങ്കിലും ശത്രുസൈന്യം വിരാടക്കു നേരെ മിന്നലാക്രമണം നടത്തി എന്ന് സങ്കൽപ്പിക്കു, ഉത്തര രാജകുമാരിയെ സുകുമാരകലകൾ പഠിപ്പിക്കുന്ന ഞാൻ, വേണ്ടി വന്നാൽ, അസ്ത്രം എടുക്കില്ലെന്നാർക്കു പറയാനാവും?” ആരോരുമറിയില്ലെന്ന നാട്യത്തിൽ പാണ്ഡവർ, വിരാടയിലെത്തും മുമ്പ്, വനവാസത്തിൽ, അയൽപ്പക്കമായിരുന്ന സന്യസ്ഥാശ്രമ അന്തേവാസി, വിശ്വസ്ത കൗരവ ചാരൻ, മാറിനിന്നു ചുവർ ചാരി മുഖം മറച്ചു, അഭിമുഖം കേൾക്കുന്നതു കൊട്ടാരം ലേഖിക കണ്ടില്ലെന്ന നടിച്ചു.

◇ 2025/05/06 ◇

“രക്തസാക്ഷിപദവി നേടിയ ദുര്യോധനന്റെ, ദേശരത്ന പുരസ്കാരം മരണാനന്തര ബഹുമതിയായി, മഹാരാജാവ് യുധിഷ്ഠിരൻ സമർപ്പിക്കുന്ന പ്രൗഢഗംഭീരമായ കൊട്ടാരചടങ്ങിൽ, തൊട്ടടുത്തിരുന്ന ഭീമന്റെ ചെവിയിൽ നിങ്ങളെന്തോ മന്ത്രിക്കുന്നത് കണ്ടല്ലോ. കുരുക്ഷേത്ര പോരാട്ടത്തിന്റെ അവസാനദിനം, ചതിയിലൂടെ പ്രിയഭർത്താവിനെ കൊലപ്പെടുത്തിയ ഘാതകനോടെന്തോ ഇത്ര വലിയ പ്രേക്ഷക ശ്രദ്ധ ആകർഷിച്ച അരോചക വിനിമയം?”, ചടങ്ങുകഴിഞ്ഞു പിരിയുമ്പോൾ, കൊട്ടാരം ലേഖിക ദുര്യോധനവിധവയോട് ചോദിച്ചു.

“കർമ്മഫലം ക്രമം തെറ്റാതെ വരുന്നുണ്ട് എന്ന് മിതമായ ഒരോർമ്മപ്പെടുത്തൽ!”

“പ്രകോപിതനായ ഭീമൻ കഴുത്തു ഞെരിക്കേണ്ടതു് അവിശ്വസ്ത ഭാര്യയെ അല്ലേ? പകരം, വിരാടസേനാപതിയായ കീചകനെ നിങ്ങൾ വക വരുത്തിയതോടെ, തേനീച്ചക്കൂട്ടകൾ ഇളകിയല്ലോ!”, കൊട്ടാരം ലേഖിക ചോദിച്ചു. വിരാട ഊട്ടുപുരയിൽ പാചക വകുപ്പു മേധാവിയായ രണ്ടാം പാണ്ഡവൻ, പകച്ച നോട്ടത്തോടെ ചുറ്റും നോക്കുന്ന ദിനം. കീചകചിതയിൽ കാമുകി പാഞ്ചാലിയെ വിട്ടുതരണമെന്ന ആവശ്യവുമായി കീചകബന്ധുക്കൾ അരമനമുറ്റത്തു പ്രക്ഷോഭം തുടങ്ങിയിരുന്നു.

“പാഞ്ചാലിയുടെ ബഹുഭർതൃത്വ ദാമ്പത്യത്തിൽ അഞ്ചിൽ ഒരംഗമെന്ന നിലയിൽ എനിക്കതു അസാധ്യമായിരിക്കും. ഉള്ളിൽ, തിളയ്ക്കുന്ന രോഷം ഉണ്ട്, പക്ഷേ, പ്രിയപ്പെട്ടവളുടെ വിവാഹ ബാഹ്യബന്ധങ്ങൾ പൊറുക്കാൻ തയ്യാറുള്ള ലോലഹൃദയനായ കാമുകനുമാണു ഞാൻ. കീചകവധത്തിനു ധാരാളം വിഴുപ്പണ്ടാക്കാൻ ആവുമെന്നെനിക്കു പ്രകൃതി ശക്തികൾ മുന്നറിയിപ്പ് തന്നിരുന്നു. വായുദേവതയാണല്ലോ എന്റെ പിതാവ്! കീചകന്റെ വെപ്പാട്ടിയായി ദ്രൗപദിക്ക് തുടരേണ്ടി വരുമോ എന്ന ഭീതിയുള്ളിൽ നിറഞ്ഞപ്പോൾ പരപുരുഷ കഴുത്തിനായി കൈകൾ തരിച്ചു. പക്ഷേ, ഞാൻ സത്യസന്ധൻ—പരേതന്റെ കഴുത്തിലും അരക്കെട്ടിലും ഉണ്ടായിരുന്ന ആഭരണങ്ങളിൽ ഒന്നുപോലും എടുത്തില്ല. അതു കൊണ്ടെന്തു നേട്ടം അല്ലേ? ജഡത്തിൽനിന്നും ആരോ മോഷ്ടിച്ചതിന്റെ കുറ്റഭാരവും എന്റെ ചുമലിൽ. ദൈവമേ നീണ്ടകാലതാൽപ്പര്യങ്ങൾക്ക് വിരുദ്ധമായ പ്രവൃത്തി എന്തിന് ഞാൻ അജ്ഞാത വാസത്തിലും തുടരുന്നു!”

“ഏതുനിമിഷവും തെറിക്കാം കൗരവ തലകൾ എന്നു ജിജ്ഞാസ എരിപൊരി കൊള്ളുമ്പോൾ, അതാ, തേരിൽ നിന്നിറങ്ങി പാദരക്ഷയും പടച്ചട്ടയുമൂരി, ഭീഷ്മരുടെ മുമ്പിൽ വിധേയ ഭാവത്തോടെ നിങ്ങൾ എന്തോ മന്ത്രിക്കുന്നു. ആദ്യദിന ബലാബലത്തിൽ ക്ഷമ പരീക്ഷിക്കുന്ന വചന പ്രഘോഷണത്തിനു നിങ്ങൾ നേതൃത്വം കൊടുക്കേണ്ട കാര്യം?”, കൊട്ടാരം ലേഖിക ചോദിച്ചു. കുരുക്ഷേത്ര, പാണ്ഡവ പാളയം.

“കുരുക്ഷേത്ര സംഘർഷ സാഹചര്യത്തിലും, സംയമനത്തോടെ, ധാർമ്മികത പാലിച്ചതാണോ നിങ്ങളുടെ ‘ഹൃദയവ്യഥ’? അങ്ങനെ ചെയ്യ ശീലിച്ചതു കൊണ്ടല്ലേ, ആരണ്യപർവ്വത്തിൽ, മാനമുരുകുന്ന വ്യാഴവട്ടക്കാലത്തു, ദൂരം നടന്നു, എന്നെ കാണാൻ വരുന്ന സന്ദർശകർ, ‘ധർമ്മപുത്രർ’ എന്ന് മഹത്വപ്പെടുത്തിയതു്? പാണ്ഡവകുന്തമുന ഭീഷ്മചങ്കിൽ തറക്കുമ്പോഴും, പാണ്ഡവ വിജയത്തിനായി പിതാമഹൻ പ്രാർത്ഥിക്കേണമേ എന്ന യുധിഷ്ഠിര യാചന, ഫലം കാണും. നയതന്ത്രത്തിന്റെ ഹിംസാത്മക അനുബന്ധമാണ് യുദ്ധമെങ്കിലും, പോരാട്ടത്തിനു മുമ്പ് ഞാൻ തുടങ്ങിവച്ച നയതന്ത്രം അരുതെന്നാരും പഠിപ്പിച്ചിട്ടില്ല. അരമനരഹസ്യങ്ങൾക്കായി തിണ്ണനിരങ്ങി വിഴുപ്പൊക്കുന്ന നിങ്ങൾക്കിത്തരം പെരുമാറ്റമര്യാദ എങ്ങനെ മനസ്സിലാവാനാണല്ലേ?”

◇ 2025/05/07 ◇

“മാദ്രിയുടെ മരണം നേരിൽ കണ്ടപ്പോൾ മനം നൊന്തു, പാവം കുരുവംശ രാജസ്ത്രീകൾ”, കൊട്ടാരം ലേഖിക വിദുരരോട്ട് ഊട്ടുപുരയിൽ ഹൃദയം തുറന്നു.

“മീൻകാരിയായിരുന്ന സത്യവതി റാണിയായില്ലേ, മഹാറാണിയായ ഗാന്ധാരി, കണ്ണുകെട്ടി നടന്നിട്ടും, കാൽ ഇടറാതെ കാര്യം നടത്തുന്നില്ലേ, ഭർത്താവ് ഷണ്ഢൻ എന്നറിഞ്ഞപ്പോൾ കുന്തി പ്രശസ്ത ബീജദായകരെ പ്രലോഭിപ്പിച്ച് അമ്മയായില്ലേ, അഞ്ച് പേരെ കൂടെകിടത്തി പാഞ്ചാലി ഉദ്ദിഷ്ടകാര്യം ഉറപ്പ് വരുത്തുന്നില്ലേ, എന്താ പ്രാപ്തിയുള്ള പെണ്ണുങ്ങളുടെ കാര്യം പറയുമ്പോൾ, നിങ്ങൾ എല്ലാവരും മാദ്രിയെ സതിയിൽ നിന്നും വിളിച്ചിറക്കി, പാവം എന്ന പദവി കൊടുക്കുന്നത്?” കരിമ്പിൻ നീർ കുടിക്കുമ്പോൾ ധൃതരാഷ്ട്രരുടെ അർദ്ധസഹോദരൻ എന്നറിയപ്പെടുന്ന വിദുരർ ശബ്ദം ഉയർത്താതെ സംസാരിച്ചു.

◇ 2025/05/08 ◇

“പിതാമഹന്മാരെയെന്താ പടലപ്പിണക്കം?”, യുദ്ധകാര്യ ലേഖകൻ കൊട്ടാരം ലേഖികയോട് ചോദിച്ചു. യുദ്ധമേഘങ്ങൾ തടിച്ച ആകാശം.

“തക്ഷശിലഗുരുവിന്റെ അഭിമുഖം തരപ്പെട്ടു. സ്വയം ഉണ്ടായ പ്രപഞ്ചത്തിനു സ്വയം അവസാനിക്കാനും കെൽപ്പുണ്ടെന്ന ധീര നിരീക്ഷണം കേട്ടപ്പോൾ കോരിത്തരിപ്പുണ്ടായി. മനുഷ്യൻ അജയ്യൻ എന്നാണാദ്യവും അവസാനവും ഇടക്കിടക്കും പുള്ളിക്കാരൻ നിർവൃതി കൊണ്ടത്. വരാനിരിക്കുന്ന കുരുക്ഷേത്രയിൽ പ്രപഞ്ചം മിക്കവാറും അവസാനിക്കും എന്നായിരുന്നു അതുവരെ പ്രവചനം. അപ്പോഴുണ്ട് പിതാമഹൻ ആകുലഭാവത്തോടെ ആരോരുമില്ലാതെ അരമന ഉദ്യാനത്തിൽ! പടുകിഴവനെ അവഗണിക്കാൻ തോന്നിയില്ല. കുരുക്ഷേത്രയിൽ നിങ്ങൾ നിരായുധ നിരീക്ഷകൻ മാത്രമാവുമോ, അതോ ഉയർന്ന സൈനികപദവി പ്രതീക്ഷിക്കുന്നുണ്ടോ എന്ന മുനവച്ച ചോദ്യവുമായി ഞാൻ കൈമുത്തി. പടക്കുതിര ക്രുദ്ധനായി, “സർവ്വസൈന്യാധിപ പദവിയുമായി ദുര്യോധനൻ നിർബന്ധിക്കുന്നെങ്കിൽ, സ്വച്ഛന്ദമൃത്യുവരം, സ്വയം ഞാൻ പ്രയോഗിക്കും. ഏറിയും കുറഞ്ഞും ആയിരത്തിയഞ്ഞൂറ് കോടി കൊല്ലം മുമ്പുണ്ടായ മഹാസ്ഫോടനത്തിലാണ് പ്രപഞ്ചം തുടങ്ങിയത്, വ്യാസൻ എന്നെ നിസ്സാരനാക്കാൻ ഉറപ്പ് പറഞ്ഞതപ്പോൾ ഓർത്തു. ഇത്ര കുറച്ചു കാലമേ ആയുള്ളൂ? മാമുനിയുടെ കാലഗണനയെക്കുറിച്ചപ്പോൾ നിരാശയും തോന്നി. എണ്ണിയാലൊടുങ്ങാത്ത എന്ന വിറപ്പിക്കുന്ന വാക്കുപയോഗിച്ചായിരുന്നു ഗംഗാസമതലത്തിലെ സദസ്സുകളെ അതുവരെ ഞാൻ നിലക്കുനിർത്തിയത്. മനുഷ്യജന്മത്തിനുകിട്ടുന്ന അനിശ്ചിത കാലയളവിൽ വേണ്ടേ കാലാതിവർത്തിയായി എന്തെങ്കിലും നാം ചെയ്യാൻ. യുദ്ധരഹിത, സമാധാനഭൂമിയാണെന്റെ പകൽക്കിനാവെങ്കിൽ, ചുടുചോരയൊഴുകുന്ന ബലിദാനമാണ് ദുര്യോധനൻ എന്നിൽനിന്നും പ്രതീക്ഷിക്കുന്നത്, നോക്കിയാൽ എന്റെ ഉൾത്തടം അസ്ഥിരതയിലാണിപ്പോൾ. അന്നന്നത്തെ അപ്പത്തിനായി ഓടിനടന്നു വാർത്തമെനയുന്ന മാധ്യമ പ്രവർത്തകർ എന്തിനറിയണം, പ്രപഞ്ചദുരുഹതയുടെ മാനുഷിക വിഹ്വലതകളെക്കുറിച്ചു, അല്ലേ?” ആ നെറികെട്ട ചോദ്യവുമായി പിതാമഹൻ വായും കണ്ണും എനിക്കുനേരെ അടച്ചപ്പോൾ, ഇതുതന്നെയായല്ലേ ദ്രോണാചാര്യർ ഇന്നലെ, ഇതുപോലെ, ഇതേഇടത്തു, ഇതേ സമയത്തു, ഇതേ ചോദ്യത്തിന് മറുപടിയായി എന്നോട് പറഞ്ഞ ആസന്നയുദ്ധ ഭീതികൾ!”

◇ 2025/05/09 ◇

“കുരുക്ഷേത്രത്തിൽ ജീവത്യാഗം ചെയ്ത ധീരദേശാഭിമാനി ദുര്യോധനന്റെ പേർ തങ്കലിപികളിൽ എഴുതുന്നതിനു പകരം, ഹസ്തിനപുരി ഗുരുകുലങ്ങളിലെ അംഗീകൃത ബോധനപദ്ധതിയിൽ നിന്ന് ഇക്കഴിഞ്ഞ രണ്ടു വർഷം കൊണ്ട് പാടേതുടച്ചു നീക്കിയെന്ന ഗ്രാമങ്ങളിൽ വാർത്തയുണ്ടല്ലോ. സത്യവതി വിചിത്രവീര്യൻ ധൃതരാഷ്ട്രർ ഇവരൊക്കെ ആദ്യവർഷം തന്നെ അപ്രത്യക്ഷരായി. പരക്കെ സംശയിക്കപ്പെടുന്ന പോലെ, യുധിഷ്ഠിരൻ തന്നെയാണോ പിന്നിൽ?” കൊട്ടാരം ലേഖിക വിരൽ ചൂണ്ടിനകുലനോട് ചോദിച്ചു.

“പൂർണ തമസ്കരണമരുത്, തിന്മയുടെ ഇതിഹാസ നായകനായി ദുര്യോധനനെ പുതുതലമുറ ഹസ്തിനപുരി പഠിക്കട്ടെ എന്നൊക്കെ ഭരണകൂടം വാദിച്ചത്, ഫലം കണ്ടില്ല അല്ലെ? വരും യുഗത്തിൽ ഞങ്ങൾ പാണ്ഡവരും നേരിടുമോ തമസ്കരണ ഭീഷണി?”

◇ 2025/05/10 ◇

“നന്മതിന്മയുടെ പൊരിഞ്ഞ പോരാട്ടമായി മാറിയ കുരു ക്ഷേത്രയിൽ ജീവഹാനി സംഭവിച്ച, പ്രിയഅർദ്ധസഹോ ദരരുടെ അണകെടുംബങ്ങൾക്ക് തന്നെ ആയിരിക്കും പുതു പാണ്ഡവഭരണത്തിൽ പുനരുദ്ധാരണ മുൻഗണന. അശ രണരായ കൗരവരാജ വിധവകളുടെയും പുത്രവിധവക ളുടെയും ഭാവിജീവിതത്തിൽ നിതാന്തസാന്നിധ്യം ആയി രിക്കട്ടെ, ആകാശചാരികളുടെ അനുഗ്രഹത്താൽ ഇന്ന് കുരുവംശ തിരുവസ്ത്രം ധരിച്ച നാം, യുദ്ധാനന്തര ഹസ്തിന പുരിയുടെ പുതുഭരണാധികാരികൾ. അനാഥരുടെ ശവമ ടക്കു പോലെ നിശ്ശബ്ദമായിരുന്ന രാജാങ്കണം.”

“പാളയത്തിൽ നിന്നും പാഞ്ചാലിയെ ദുര്യോധനൻ പിടിച്ചു ടി ബന്ദി ആക്കാവുന്ന ഭീഷണസാദ്ധ്യത നേരത്തെ അറി ഞ്ഞിട്ടും, അവൾ ഇരയാവാൻ സന്നദ്ധ?”, കൊട്ടാരം ലേ ഖിക പാണ്ഡവചാരൻ നകുലനോട് ചോദിച്ചു. കുരുക്ഷേ ത്ര “മായാസീത പോലെ ഒരു വ്യാജപാഞ്ചാലി, ആവ ശ്യം കഴിഞ്ഞാൽ വേതനം പറ്റി അവൾ പിരിഞ്ഞുപോ വും. എനിക്ക് മാത്രം അറിയുന്ന രഹസ്യമന്ത്രം ആണവ ളുടെ നിലനിൽപ്പ്. വേണമെങ്കിൽ നിങ്ങളെയും എനിക്ക് വേറൊരു പാഞ്ചാലിയാക്കാം, അതാണ് പറഞ്ഞതു കുരു ക്ഷേത്ര വെറും ഒരു കുടുംബസ്വത്തുതർക്കം മാത്രമല്ല, ഇനി ക്കൂടുതൽ രഹസ്യങ്ങൾ നിങ്ങൾ ചോർത്തിയാൽ, ആർക്ക റിയാം, നിങ്ങളും ഇവിടെ ഇരയാവും!”

“യുദ്ധം കഴിഞ്ഞ ഉടൻ, അവനവന്റെ ഉടലിൽ കയ്യും കാ ലും ഒക്കെ ഉണ്ടെന്നു ഉറപ്പാക്കി ജേതാക്കൾ, അവരുടെ രഥം ഉരുട്ടി ഹസ്തിനപുരിയിലേക്ക് പോവുന്നതു് കണ്ടു. ഇനി ഞങ്ങൾ വേണം ഈ പോരാട്ടഭൂമി അടിച്ചു വാരി, ജൈവമാലിന്യ മുക്തമാക്കി, കിളച്ചുമറിച്ചു കൃഷിചെയ്തു, ധാ ന്യം വിളയിച്ചു ഹസ്തിനപുരി കൊട്ടാരത്തിലെ പാണ്ഡവരു ടെ അക്ഷയപാത്രങ്ങൾ നിറക്കാൻ” കുരുക്ഷേത്ര പ്രാദേ ശിക ഭരണകൂടം കൊണ്ട് വന്ന അന്യരാജ്യ കരാർ തൊ ഴിലാളികൾ കൊട്ടാരം ലേഖികയോട്.

“എന്നോ മുറിച്ചുമാറ്റിയതല്ലേ വിരൽ? എന്നിട്ടിപ്പോഴും കി നിയുന്നല്ലോ ചുടുചോര?”, ഏകലവ്യന്റെ കൈ നിവർത്തി, ഒരിക്കൽ തള്ളവിരൽ ആയിരുന്ന ഇടം കർണ്ണൻ വിരല റ്റം കൊണ്ട് തൊട്ടുനോക്കി., “വില്ലാളിക്കുണ്ടാവുന്ന തൊ ഴിൽപരമായ പ്രത്യാഘാതം അറിഞ്ഞുതന്നെ, തള്ളവി രൽ മുറിച്ചു നീ ദക്ഷിണ കൊടുത്തപ്പോൾ, നിർദ്ദയദ്രോ ണർ കൈനീട്ടി സ്വീകരിച്ച ഗുരുദക്ഷിണ അല്ലെ?”, കിരീ ടധാരിയായ അംഗരാജാവ് കർണ്ണൻ നിഷാദ ഗൃഹത്തി ലെത്തിയ നേരം.

“അസ്ത്രവിദ്യയിൽ ഞാൻ പിഴക്കുമെന്നറിഞ്ഞിട്ടും ഗുരു ആവശ്യപ്പെട്ട വിരൽ ഉടൻ മുറിച്ചു കൊടുക്കേണ്ടി വന്ന ത്, ജന്മം കൊണ്ട് നിഷാദനെന്ന് ഞാൻ ജാതി, സത്യമാ യും ഗുരുവിനോട് വെളിപ്പെടുത്തിയത് കൊണ്ടായിരുന്നു. എന്നാൽ, യുദ്ധഭൂമിയിൽ ആവശ്യം വരുമ്പോൾ, ഗുരുകു ലത്തിൽ പഠിപ്പിച്ച തൊന്നും നിനക്കപ്പോൾ ഉപകരിക്കാ തിരിക്കട്ടെ എന്ന പരശുരാമശാപം? ജാതിശ്രേണിയിൽ താണ നിങ്ങൾ, ബ്രാഹ്മണജാതി മേന്മ വ്യാജമായി ഗുരു വിനു മുമ്പിൽ മനഃപൂർവ്വം അവകാശപ്പെട്ടതു കൊണ്ടും! ആ വിധം ധാർമ്മികതയുടെ മാനസികാവസ്ഥയിൽ നോ ക്കിയാൽ, വിദ്യാർത്ഥി ജീവിതത്തിൽ നമുക്കുണ്ടായ വീഴ്ച താരതമ്യം അർഹിക്കുന്നില്ല. എന്നാൽ, വിജയ പരാജയ ങ്ങളുടെ പോർക്കള സാധ്യത നോക്കിയാൽ, ദുരഭിമാനി കളായ ബ്രാഹ്മണ ഗുരുക്കളെ സ്വാർത്ഥത യോടെ തേടി യപ്പോൾ, കാൽ തെറ്റി വീണവർ നാമിരുവരും! മഹാഭാ രതരചനയിൽ നമ്മുടെ ജീവിതമെടുത്തു പെരുമാറുമ്പോൾ കനിവ് കാണിക്കുമോ, കീഴാളകവി?”

◇ 2025/05/11 ◇

“മുയൽ, മാൻ ഇവയൊക്കെ ഓമനവളർത്തുമൃഗങ്ങൾ എന്നറിയാം, എന്നാൽ നിങ്ങൾക്ക് പ്രിയം ചെന്നായ?”, ഞെട്ടലോടെ കൊട്ടാരം ലേഖിക ചോദിച്ചു. വനവാസം.

“ഇവർ അഞ്ചുപേരെ രാപ്പകൽ നിലക്ക് നിർത്താൻ നിരായുധവനിതയ്ക്ക് ഓമനമൃഗങ്ങൾ മാത്രം മതിയോ?” പുറത്ത് ഒച്ചവച്ചു കായികാഭ്യാസം ചെയ്യുന്ന അർദ്ധനഗ്നപാണ്ഡവരെ പാഞ്ചാലി അമർഷത്തോടെ ചൂണ്ടുവിരൽ ചലനത്തിൽ കാണിച്ചുകൊടുത്തു.

◇ 2025/05/13 ◇

“ചൂതുകളി, ഹസ്തിനപുരി അരമനമേഖലയിൽ നിരോധിക്കാൻ മാത്രം എന്തുണ്ടായി പെട്ടെന്നൊരു പ്രകോപനം?”, കൊട്ടാരം ലേഖിക ചാരവകുപ്പ് മേധാവി നകുലനോടു ചോദിച്ചു. പാണ്ഡവ ഭരണത്തിന്റെ അവസാന നാളുകൾ.

“ഗാന്ധാരഭൂപതിയുടെ കല്ലറ കുഴിമാടത്തിൽ നിന്നും പരേതന്റെ തുടയെല്ല് നഷ്ടപ്പെട്ടു എന്ന രഹസ്യ വിവരം ശ്രുതിയിൽ പെട്ടപ്പോൾ തന്നെ ഞങ്ങൾക്കു കിരീടാവകാശി പരീക്ഷിത്തിനെ ഞങ്ങൾക്കു സംശയമുണ്ടായിരുന്നു. തുടയെല്ലിൽ നിന്നാണല്ലോ മാന്ത്രികസ്വഭാവമുള്ള കരുക്കൾ നിർമ്മിക്കുക. എതിരാളിയുടെ കൺമുമ്പിൽ, തുറന്നുകളിച്ചു ജയിക്കാൻ പരീക്ഷിത്തിനെ ഗാന്ധാര തുടയെല്ലുകരുക്കൾ തുണക്കും എന്നറിഞ്ഞ മഹാരാജാവു് യുധിഷ്ഠിരൻ, ജ്യോതിഷിയെ കാണാനൊന്നും സമയം കളഞ്ഞില്ല. ചൂതാട്ട നിരോധനം നിലവിൽ വന്നതോടെ പരീക്ഷിത്ത് ഉടൻ കൊട്ടാരം അട്ടിമറിക്കു് ബദൽ ക്രമീകരണം കാണും എന്നാണ് വിലയിരുത്തൽ. കുതിരപ്പന്തികളിൽ നിങ്ങളുടെ ഒരു മൂന്നാം കണ്ണുവേണം!”

◇ 2025/05/14 ◇

“പിതൃപരിപാലനം ഇതുവരെ കേമമായിരുന്നുവോ, അതോ, അന്ധരാജാവിനെ അവഗണന കൊണ്ട് മക്കൾ അധിക്ഷേപിച്ചുവോ?” കൊട്ടാരം ലേഖിക ദുര്യോധനനോടു് ചോദിച്ചു. വാർധക്യസഹജമായ ക്ഷീണം കാരണം പുതുക്കി പണിത വരണാവതം വേനൽക്കാല വസതിയിലേക്ക് രാജാവ് താമസം മാറ്റുന്ന നേരം.

“ഈ ക്ഷീണമൊന്നും അത്ര കാര്യമില്ല, നല്ല ബന്ധത്തിൽ ആയിരുന്ന കാലത്ത് മാദ്രീ പുത്രൻ സഹദേവൻ, ധൃതരാഷ്ട്രരുടെ ജാതകം പരിശോധിച്ച് പറഞ്ഞു, നൂറു കൗരവർ യുദ്ധത്തിൽ മരിച്ചുപോയാലും, രാജാവ് ഇരുമ്പുപ്രതിമകൾ ആലിംഗനം ചെയ്യേ കരുത്ത് തെളിയിക്കും, അംഗപരിമിതൻ ഒക്കെ ആയിരിക്കാം, എന്നാൽ ആളൊരു അതിജീവിതൻ!”

“പാഞ്ചാലിയുടെ അഞ്ച് മക്കളും കൊല്ലപ്പെട്ടപ്പോൾ മാത്രമല്ലേ നിങ്ങളുടെ മകൻ പരീക്ഷിത്ത് കിരീടാവകാശിയായുള്ളൂ? അതിൽകവിഞ്ഞു എന്തു മേൽക്കോയ്മയാണ് യുദ്ധാനന്തര കരുവംശത്തിൽ നിങ്ങളുടെ മകനുള്ളത്? ധർമ്മപുത്രർ എന്ന് ജനം അഭിമാനത്തോടെ അഭിസംബോധന ചെയ്യുന്ന യുധിഷ്ഠിരൻ, കുരുക്ഷേത്രയിൽ നിന്നും കൊട്ടാരത്തിൽ എത്തിയപ്പോൾ, ധൃതരാഷ്ട്രർ കൈമാറിയില്ലേ ചെങ്കോൽ? ജയിച്ചു എന്നവകാശപ്പെട്ട വന്നാലൊന്നും അധികാര കൈമാറ്റത്തിന് ഒരുക്കമല്ലെന്ന യുദ്ധകാലത്തു ശഠിച്ച ധൃതരാഷ്ട്രർ, യുധിഷ്ഠിരനെക്കണ്ടപ്പോൾ ‘വനവാസത്തിനു ഞാനും ഗാന്ധാരിയും തയ്യാർ’ എന്ന് കൈകൂപ്പി സമ്മതിച്ചില്ലേ? യുധിഷ്ഠിരന് അകന്ന ബന്ധമല്ലേ പരീക്ഷിത്തിനോടുള്ളൂ? അർജ്ജുനനു വ്യത്യസ്തയിനം ഭാര്യമാർ ഉണ്ടായിരുന്നതിൽ ഒരാൾ മാത്രമായ സുഭദ്രയുടെ മകൻ അഭിമന്യുവായിരുന്ന നിങ്ങളുടെ ഭർത്താവു എന്ന അകൽച്ചയോടെയാണ് പൊതുസമൂഹം കാണുന്നത്. അഭിമന്യു എന്ന പരാമർശം പോർക്കളത്തിൽ ഒന്നോ രണ്ടോ ദിവസം സ്തോഭജനകമായിരുന്നെങ്കിലും, ഹസ്തിനപുരിയിൽ ആർക്കറിയാം ചക്രവ്യൂഹ സാഹസങ്ങൾ?”, കൊട്ടാരം ലേഖിക ഉത്തരയോട് ചോദിച്ചു. അജ്ഞാത വാസം ചെലവഴിച്ച വിരാടത്തിലെ രാജകുമാരിയായിരുന്ന, യുദ്ധത്തിനു മുമ്പ് അഭിമന്യു പരിണയിച്ച ഉത്തര.

“യുധിഷ്ഠിരൻ അഭിമന്യുവിനെ ചക്രവ്യൂഹത്തിലേക്കു തള്ളിയിടുകയായിരുന്ന എന്ന് യുദ്ധകാലത്തു കണ്ടെത്തിയ നിങ്ങളിപ്പോൾ കൊലയാളിപാണ്ഡവൻ് അനുകൂലമായി എന്നെ തള്ളിപ്പറയുന്നല്ലോ. മാതൃകാപത്രപ്രവർത്തകതന്നെ! മരണമൊഴിയിൽ അഭിമന്യു പറഞ്ഞതല്ലേ “ചക്രവ്യൂഹത്തിൽ യുധിഷ്ഠിരൻ എന്നെ ഇരയാക്കി അമ്മാ!” ‘ധർമ്മപുത്ര’പുരാണം അല്ല നിങ്ങൾ പറയേണ്ടത്. കിരീടാവകാശിയായി നിലവിൽ ഒരാളല്ലേ ഉള്ളൂ? എന്റെ മകൻ പരീക്ഷിത്ത്. ആണധികാരത്തിലൂടെയല്ലേ യുധിഷ്ഠിരൻ സിംഹാസനത്തിൽ കയറി പറ്റിയത്? പരീക്ഷിത്തിന്റെ അമ്മയായ ഞാൻ വേണ്ടേ മഹാറാണി പദവിയിൽ ഭരണനിർവഹണം ചെയ്യാൻ? എന്നെ മഹാറാണിയാക്കുന്നതിൽ നിന്നും പാണ്ഡവർ എന്തിനു പിന്നോട്ടടിച്ചു? കുന്തിയെ ഖാണ്ഡവപ്രസ്ഥക്കാലത്തു ഗാന്ധാരിയുടെ അന്തഃപുരത്തിൽ ദാസ്യപ്പണിക്കുവിട്ട് “പാഞ്ചാലി മഹാറാണിയായാൽ മതി, രാജമാതാവു എന്ന പദവി കുന്തിക്ക് വേണ്ട” എന്ന് ശഠിച്ച അധികാരമോഹി പാഞ്ചാലിയെ പോലെ നിർദ്ദയആവാൻ എനിക്കു വയ്യ. ഒരേ തുലാസിൽ ഞങ്ങളെ നിങ്ങൾ ഇടരുതേ! ഭർത്താക്കന്മാരെ ലൈംഗികഅടിമകളാക്കി, രതിജീവിതം ആഘോഷിക്കുന്ന പാഞ്ചാലി എവിടെ, പതിനാറുവയസ്സിൽ പ്രിയപ്പെട്ടവനെ നഷ്ടപ്പെട്ട ഉത്തര എവിടെ!”

“ഇരവകപ്പിൽ പെടുന്ന പാഞ്ചാലിക്ക് വേണ്ടി (ഇര എന്ന വാക്കു പോര എന്ന് ഞങ്ങൾ പിറുപിറുക്കുന്നുണ്ട്) ന്യായാലയത്തിൽ ദുര്യോധനെ പ്രതിയാക്കാൻ പ്രഭാഷണയാത്ര വെട്ടിച്ചുരുക്കി ഓടിവന്നപ്പോഴാണറിയുന്നതു, കുന്തിയുടെ ആവശ്യപ്രകാരം പാഞ്ചാലിയെ മാനസികരോഗ ചികിത്സ എന്ന പേരിൽ ഒളിച്ചുകടത്തി! കേട്ടപ്പോൾ സ്തംഭിച്ചു. കോട്ടവാതിലിലെ പാറാവുകാർക്കു കൊട്ടാരം സർവ്വാധികാരി നിർദ്ദേശം കൊടുത്തിരിക്കുകയാണ്—‘ശല്യക്കാരൻ വ്യവഹാരി’ ചാർവാകനെ കണ്ടാൽ തല്ലിയോടിക്കണം. കൊട്ടാരസമുച്ചയം ഒരു സംഘം സാമൂഹ്യ വിരുദ്ധരുടെ പിടിയിലാണെന്ന ചാർവാകൻ”, പാണ്ഡവ വനാശ്രമത്തിലായിരുന്ന കൊട്ടാരം ലേഖിക പറഞ്ഞു. മഴപെയ്തു മൻവശത്തെ കൈത്തോടിലൂടെ കലക്കവെള്ളം കുത്തിയൊലിക്കുന്നശബ്ദം മാത്രം.

“കള്ളച്ചൂതിൽ ഇരയാവാൻ ആനപ്പുറത്തുപോയ ഇന്ദ്രപ്രസ്ഥം ചക്രവർത്തിക്ക് കിട്ടേണ്ടതു് കിട്ടി—പ്രകൃതിക്കു സ്വസ്തി. കൂടെ പൊറുക്കുന്ന പെണ്ണിനെ പണയം വച്ച് കളിച്ചവർക്കിതൊരു പാഠവുമായിരിക്കട്ടെ. ഇന്ദ്രപ്രസ്ഥത്തിൽ അല്ലലില്ലാതെ സ്വസ്ഥജീവിതം നയിച്ച ഞങ്ങൾ രാജസൂയ പാണ്ഡവർ, ദുര്യോധന ദാക്ഷിണ്യത്തിൽ നേടിയ അക്ഷയപാത്രത്തിൽ, മൂന്നുനേരം കൈമുക്കി കൗരവഊട്ടുപുരയിലെ ഇച്ചിൽവാരി തിന്നുമ്പോൾ, അത്താഴപ്പട്ടിണിക്ക് വിധിക്കപ്പെട്ട ഈ ‘മാനസികരോഗി’ വസ്തം കെട്ടിമുറുക്കട്ടെ.”

“പാഞ്ചാലിയുടെ തിരുവസ്ത്രത്തിൽ ദുശ്ശാസനൻ കൈ വക്കുമ്പോൾ, പാണ്ഡവർ, ചൂതാട്ടസഭയിൽ കാഴ്ചക്കാരായി നിന്നുവോ, അതോ പ്രതിഷേധിച്ചുവോ, അല്ലെങ്കിൽ എങ്ങനെ തീവ്രമായി പ്രതികരിച്ചു എന്നറിയാൻ എന്തുവഴി? ഉള്ളകാര്യം അവർ തുറന്നു പറയുമോ?”, കൊട്ടാരം ലേഖിക ചാർവാകനോടു് ചോദിച്ചു., “ആ വിവരം കൃത്യമായി അറിയാതെ, നമുക്കൊരടി മുന്നോട്ടെടുക്കാൻ ആവില്ല എന്നല്ലേ യുദ്ധകാര്യ ലേഖകൻ പറയുന്നത്!”

““വൈകാരികപരിസര” കാര്യം എങ്ങനെ തുറന്നുപറയും, ‘ലജ്ജാശീല’ന്മാരായ പാണ്ഡവർ? വിവാദ സംഭവത്തിന്നവർ ദൃക്സാക്ഷികളാവുമ്പോൾ, ഇന്ദ്രപ്രസ്ഥം ഭരണാധികാരികളോ, കുരുവംശത്തിന്റെ വിശിഷ്ടാതിഥികളോ അല്ല, നമ്മെപോലെ പ്രക്ഷോഭ ചിത്തരായ പൗരന്മാർ പോലുമല്ല. സ്വയം പണയം വച്ച കളിച്ചു യുധിഷ്ഠിരൻ തോറ്റപ്പോൾ, ‘പണയവസ്തു’ ധാരണയനുസരിച്ചു, കൗരവരിൽ നിക്ഷിപ്തമായി. പാണ്ഡവരുടെ പൗരാവകാശവും, കൗരവർ ശിക്ഷാവിധിക്കാലം മുഴുവൻ മരവിപ്പിച്ചതോടെ, അവർ നീതിരഹിത നിയമത്തിന്റെ ന്യായക്കണ്ണിൽ, അടിമവിഭാഗത്തിലായി. ഉടമ എന്തവരോടു് ആജ്ഞാപിച്ചാലും അതനുസരിക്കുന്നതിൽ ഇടപെടൽ ഉണ്ടായാൽ, ധാരണ പിൻകാലപ്രാബല്യത്തോടെ അസാധുമാവുമെന്ന ഉത്തമബോധ്യം പാണ്ഡവർക്കുണ്ട്. പൂർണ്ണമായും അവരെ നിരക്ഷരൻ എന്ന് ചാപ്പ കുത്താനാവില്ലല്ലോ. അവരും ഇന്ദ്രപ്രസ്ഥത്തിൽ അടിമകളെ ക്രയവിക്രയം ചെയ്തിരുന്നു. ‘മെരുങ്ങാത്ത’വരെ ലൈംഗിക അടിമയാക്കും, പാഞ്ചാലി പ്രതിഷേധിക്കും, അങ്ങനെ പ്രായോഗികമായി നോക്കുമ്പോൾ ദ്രൗപദിയുടെ അവഹേളനം അവർക്കെങ്ങനെ ജീവന്മരണ പ്രശ്നമാവും? ഭീമനെപ്പോലെ ‘മണ്ണും ചാണകവും’ അറിയാത്തവർ മാത്രം പ്രതിജ്ഞ എടുത്തു കൗരവതല വെട്ടുമോ എന്നാണ് നിങ്ങളുടെ ചോദ്യമെങ്കിൽ, ആ മറുവാദം എങ്ങനെ കഥയെ മുന്നോട്ടെടുക്കും എന്ന് കുതിരപ്പന്തിയിലെ സംവാദകർ പറഞ്ഞു തീർക്കട്ടെ. കൗരവരാജസഭയിൽ ക്ഷണിതാവായ എനിക്ക് മൂന്നു നേരം ഊട്ടുപുരയിൽ ഭക്ഷണമുണ്ട് അതിൽനിന്നും പുറത്താക്കാനുള്ള നീക്കത്തിനൊന്നും ഞാൻ അത്ര എളുപ്പം നിന്നുതരില്ല, എന്റെ പ്രിയമുള്ള കൊച്ചനുജത്തി!”

“ഇരവകപ്പിൽ പെടുന്ന പാഞ്ചാലിക്ക് വേണ്ടി (ഇര എന്ന വാക്കു പോര എന്ന് ഞങ്ങൾ പിറുപിറുക്കുന്നുണ്ട്) ന്യായാലയത്തിൽ ദുര്യോധനെ പ്രതിയാക്കാൻ പ്രഭാഷണയാത്ര വെട്ടിച്ചുരുക്കി ഓടി വന്നപ്പോഴാണറിയുന്നതു കുന്തിയുടെ ആവശ്യപ്രകാരം പാഞ്ചാലിയെ മാനസികരോഗ ചികിത്സ എന്ന പേരിൽ ഒളിച്ചുകടത്തി! കേട്ടപ്പോൾ സ്തംഭിച്ചു. കോട്ടവാതിലിലെ പാറാവുകാർക്കു കൊട്ടാരം സർവ്വാധികാരി നിർദ്ദേശം കൊടുത്തിരിക്കുകയാണ്—‘ശല്യക്കാരൻ വ്യവഹാരി’ ചാർവാകനെ കണ്ടാൽ തല്ലിയോടിക്കണം. കൊട്ടാര സമുച്ചയം ഒരു സംഘം സാമൂഹ്യവിരുദ്ധരുടെ പിടിയിലാണെന്ന ചാർവാകൻ”, പാണ്ഡവ വനാശ്രമത്തിലായിരുന്ന കൊട്ടാരം ലേഖിക പറഞ്ഞു. മഴപെയ്തു മൻവശത്തെ കൈത്തോടിലൂടെ കലക്കവെള്ളം കുത്തിയൊലിക്കുന്ന ശബ്ദം മാത്രം.

“കള്ളച്ചൂതിൽ ഇരയാവാൻ ആനപ്പുറത്തുപോയ ഇന്ദ്രപ്രസ്ഥം ചക്രവർത്തിക്ക് കിട്ടേണ്ടതു് കിട്ടി—പ്രകൃതിക്കു സ്വസ്തി. കൂടെ പൊറുക്കുന്ന പെണ്ണിനെ പണയം വച്ച് കളിച്ചവർക്കിതൊരു പാഠവുമായിരിക്കട്ടെ. ഇന്ദ്രപ്രസ്ഥത്തിൽ അല്ലലില്ലാതെ ജീവിതം നയിച്ച ഞങ്ങൾ രാജസൂയ പാണ്ഡവർ, ദുര്യോധന ദാക്ഷിണ്യത്തിൽ നേടിയ അക്ഷയപാത്രത്തിൽ, മൂന്നുനേരം കൈമുക്കി കൗരവഊട്ടുപുരയിലെ ഇച്ചിൽ വാരി തിന്നുമ്പോൾ, അത്താഴപ്പട്ടിണിക്ക് വിധിക്കപ്പെട്ട ഈ ‘മാനസികരോഗി’ വസ്തം കെട്ടിമുറുക്കട്ടെ.”

◇ 2025/05/15 ◇

“മകളുടെ വിവാഹശേഷമാണോ അറിയുന്നത്, വരൻ ഉൾപ്പെടെ അഞ്ചുപാണ്ഡവരും കുന്തിയും, ‘പിടികിട്ടാപ്പുള്ളികൾ’ എന്ന നേരത്തേ ഹസ്തിനപുരി നീതിപീഠം പ്രഖ്യാപിച്ചവർ.! വേണ്ടത്ര മുൻകരുതലും വിവരശേഖരണവും ഇല്ലാതെ ആയിരുന്നുവോ ആറംഗ കുറ്റവാളി കൂട്ടായ്മക്ക് പ്രിയപുത്രിയെ പാഞ്ചാലകുടുംബം വിട്ടു കൊടുത്തതെന്ന വീണ്ടു വിചാരമുണ്ടോ? അവൾക്കുമുണ്ടോ അച്ഛനോട് പറഞ്ഞാൽ തീരാത്ത പരിഭവം?”, കൊട്ടാരം ലേഖിക പാഞ്ചാല രാജാവ് ദ്രുപദനോട് ചോദിച്ചു. ഏകചക്ര ഗ്രാമത്തിലെ അഴുക്കു ചാലിന്നരികെ, വാടകക്കുടിലിൽ, ഭിക്ഷക്കാർ എന്ന ‘നിർമ്മിതിസ്വത്വ’ത്തിൽ, കുരുവംശ നീതിന്യായവകുപ്പിന്റെ കഴുകൻ കണ്ണിൽനിന്നും ഒളിച്ചു കഴിയുന്ന പാണ്ഡവകുറ്റവാളികളെ അവസാനമായൊന്ന ഒളികണ്ണിട്ടു നോക്കി, രാജരഥത്തിൽ മടക്കയാത്രക്കായി കയറുകയായിരുന്ന, മകൻ ധൃഷ്ടധ്യുമ്നനൊപ്പം, വ്യഥിതപിതാവ് ദ്രുപദൻ.

“സ്വയംവര മത്സരാർത്ഥികളുടെ സ്വത്വം സംശയാതീതമായി, രേഖകൾ സഹിതം, ഞങ്ങളോട് വെളിപ്പെടുത്തണം എന്ന അടിസ്ഥാന ഉപാധി വെക്കാതെ, പരിണയമത്സരത്തിൽ ആരെയും, സമ്മർദ്ദത്തിൽ പങ്കെടുപ്പിക്കരുതെന്ന ബാലപാഠം അവഗണിച്ചെന്ന അപരാധബോധത്തിൽ, തലകുനിച്ച പാഞ്ചാലിയോട് യാത്ര പറയാൻ കുടിലിൽ ഞാൻ ഇപ്പോൾ ചെന്നു. അർജ്ജുനൻ ഉൾപ്പെടുന്ന അഞ്ച ‘ബ്രാഹ്മണ വേഷ’ സംഘാംഗങ്ങളുമായി ബഹുഭർതൃത്വത്തിന് സന്നദ്ധത ഏറ്റെടുത്ത, പ്രായോഗിക ദാമ്പത്യപരീക്ഷണങ്ങൾ വിഭാവനചെയ്യാൻ പാഞ്ചാലി ഒരുക്കമായ സ്ഥിതിക്ക്, ഇനിയൊരുടക്ക്, ഇടപെടൽ, എന്റെ ഭാഗത്തുനിന്നും വേണ്ട എന്ന താക്കീതുമായി അവൾ, ഭീമൻ കൊടുത്ത സുഗന്ധപ്പൂക്കൾ മുടിയിൽ വച്ച്, ഉടൽ ഒരുക്കുകയായിരുന്നു. എല്ലാമൊന്ന് മാറി നിന്ന കണ്ടപ്പോൾ എനിക്കും വ്യക്തമായി, ആരോഗ്യമുള്ള അഞ്ചുസുന്ദരന്മാരെ ആദ്യരാത്രിയിൽ കിട്ടിയ പാഞ്ചാലപുത്രിക്ക്, പാഞ്ചാലൻ ഇനി തിരസ്കരണയോഗ്യൻ!” കുറുക്കുവഴി കൊള്ളാം! വെന്തുമരിച്ചത കുന്തിയും പാണ്ഡവരുമെന്ന മനഃപൂർവ്വം വരുത്തിത്തീർക്കാൻ, അത്താഴം ചോദിച്ചു വന്ന ആറംഗ ആദിവാസി കുടുംബത്തിന്, ഭക്ഷണത്തിനൊപ്പം വിഷം കൊടുത്തുവീഴ്ത്തി, ഭ്രൂഗർഭഇടനാഴിയിലൂടെ അർദ്ധരാത്രിയിൽ ഒളിച്ചോടും മുമ്പ്, രാജമന്ദിരത്തിനകത്ത തീയിടുക. ദൃക്സാക്ഷി ആരുമില്ലാതെയിരുന്നിട്ടും, സത്യാവസ്ഥ തെളിഞ്ഞതോടെ, തോന്നിയോജാള്യത? കുതിരപ്പന്തികളിലും വഴിയമ്പലങ്ങളിലും കൗരവർ സംഘടിത പ്രചാരണമാണ് ‘ആദിവാസി ഘാതക കുന്തി’ക്കെതിരെ അഴിച്ചുവിട്ടിരിക്കുന്നത്. എങ്ങനെ നേരിടും അവമതി?”, കൊട്ടാരം ലേഖിക ചോദിച്ച ഏകചക്ര ഗ്രാമത്തിൽ മക്കളമൊത്തവർ ‘മുഖംമൂടി’ ധരിച്ചു കഴിയുന്ന കഷ്ടകാലം.

“ദൂരെ നിന്ന് നോക്കുമ്പോൾ നരഹത്യ! കൗന്തേയർ കാണുന്നതോ, ആത്മരക്ഷക്കായി ചെയ്ത ഉപായങ്ങൾ. വ്യാസനും കുന്തിക്കുനുകൂലമായിരിക്കും അരക്കില്ലചരിത്രം രചിക്കുക. അത്താഴം ചോദിച്ചുവന്നവർ നിഷ്കളങ്ക ആദിവാസികളായിരുന്നില്ല. കൗരവ കൂലിപടയാളികൾ! പാണ്ഡവസംഘത്തെ തീ കൊളുത്തി കൊല്ലാനുള്ള ഉപകരാർ ഏറ്റെടുത്തവർക്കെതിരെ ആഞ്ഞടിച്ചു ‘കരിക്കട്ട’കളാക്കിയതിൽ തിമിർപ്പിലാണ്. “ഒരൊറ്റ തീക്കൊള്ളി കൊണ്ടാണ് അമ്മ ആറുതടിമാടന്മാരെ അരക്കില്ലത്തിൽ അന്ത്യശ്വാസം വലിപ്പിച്ചത്” എന്നവർ പ്രശംസിക്കുമ്പോൾ, നന്മയെ പുകഴ്ത്തുന്നവർക്കു കൂതാർഥത തോന്നും. നിങ്ങൾ പുകഴ്ത്തുക നന്മയെയോ, അതോ?”

◇ 2025/05/16 ◇

“കുരുക്ഷേത്രയിൽ ഹരിതചട്ടം നടപ്പാക്കുന്നു എന്നാദ്യം കേട്ടപ്പോൾ, അതൊരു ഭരണകൂടനിയന്ത്രണമെന്നു ധരിച്ചു അവഗണിച്ച ഞാനിപ്പോൾ, ഓടിക്കിതച്ചു ഹസ്തിനപുരിയിൽ നിന്ന് ഇവിടെ വന്നത് സംഗതി പരിലാളനമാണ് എന്നറിഞ്ഞപ്പോൾ. ആരാണ് നിങ്ങൾ? എന്താണ് ഈ കാണുന്നതൊക്കെ?” കൊട്ടാരം ലേഖിക കുരുക്ഷേത്രപ്രവിശ്യയുടെ യുവഭരണാധികാരിയോട് ചോദിച്ചു. തക്ഷശിലയിൽ നിന്ന് പഠനം കഴിഞ്ഞെത്തിയപ്പോൾ ദുര്യോധനൻ അയാളെ പ്രവിശ്യാഭരണകൂടത്തിന്റെ താക്കോൽ സ്ഥാനത്തു നിയമിച്ചത് വിവാദമായിരുന്നു.

“ഒരു കൊച്ചുഗ്രാമത്തിന്റെ കൃഷിയിടത്തോളം പോന്ന ഈ കുറ്റിക്കാട്ട് വെട്ടിയാണ് ഭൂഖണ്ഡ ജനസംഖ്യയുടെ പാതിയോളം യുവാക്കളെ പതിനെട്ടുനാൾ കൊണ്ട് രണ്ടു കുടുംബക്കാർ ഹോമിച്ചത്. ഈ ചരിത്ര പശ്ചാത്തലം, ഭാവിതലമുറക്കെങ്ങനെ രൂപമാറ്റത്തിലൂടെ വരുത്തിയെടുക്കാമെന്നായിരുന്നു യുദ്ധാവസാനം മുതൽ എന്റെ മനസ്സിൽ. എല്ലാ ജൈവമാലിന്യങ്ങളും പല വൻകുഴികൾ തോണ്ടി ഒന്നൊന്നായി അടുക്കിയിട്ടു മേലെ മണ്ണിട്ട് മൂടിയ സമതലത്തിലാണ് നാമിപ്പോൾ കാൽവക്കുന്നത്. കുഴിമാടഭീതിയൊന്നും തോന്നുന്നില്ല അല്ലേ? അവിടെയാണ് ഹരിതചട്ടം ‘ചട്ട’പ്രകാരത്തേക്കാൾ മികവ് തെളിയിച്ചത്. ചുറ്റുംനോക്കൂ, തുറിച്ചു നോക്കുന്നത് ഗതികിട്ടാത്ത കൗരവ പാണ്ഡവ പ്രേതങ്ങളാണോ? അല്ല? പിന്നെ? ഔഷധസസ്യങ്ങളുടെ വൻശേഖരം, പിടിച്ചാൽ പിടികിട്ടാത്ത വളർച്ച. ഓരോ സൈനികന്റെയും യുദ്ധാഭിലാഷങ്ങളുടെ അന്തിമസാക്ഷാത്കാരം എന്നൊക്കെ തോന്നിയാൽ അതായിരിക്കും സത്യത്തോടടുത്ത സംഗതി. ജഡങ്ങൾ ചീയുന്ന ഗന്ധം? ഇല്ലേയില്ല അല്ലെ? അതാണ് കാര്യം. വരുംയുഗത്തിൽ വിനോദസഞ്ചാരികൾ കുരുക്ഷേത്രത്തിലെ ഔഷധസസ്യങ്ങൾ വരി നിന്ന് വിലകൊടുത്തു മടങ്ങുമ്പോൾ, ആർക്കു വേണ്ടിയെന്തിനെന്നറിയാതെ ജീവത്യാഗംചെയ്ത ഓരോ സൈനികന്റെ ആത്മാവും മന്ത്രിക്കും— ഇതെനിക്ക് നിത്യ ശ്രാദ്ധം, കുടുംബ സ്വത്തുതർക്കത്തിന് പ്രതിവിധി പോർക്കളമാണെന്ന നാടുവാഴിഅഹന്തക്ക് കിട്ടിയ ജനകീയപ്രഹരം”.

“തേങ്ങുന്നുവോ നിൻ ഹൃദയം?”, മാദ്രീപുത്രനായ സഹദേവനോട് കൊട്ടാരം ലേഖിക ചോദിച്ചു.

“കുഞ്ഞായിരുന്ന കാലം! കുന്തിയുടെ ആജ്ഞയിൽ, ഭീമൻ, മാദ്രിയെ പാണ്ഡുചിതയിൽ എറിയുന്നതിനു ഞാൻ സാക്ഷിയായി. ‘എനിക്ക് മരിക്കേണ്ട എനിക്ക് ജീവിക്കണം’ എന്നു വിതുമ്പി പാണ്ഡുജഡത്തോടൊപ്പം, പ്രിയമാദ്രി വെന്തു ചാരമാവുന്നതു കണ്ടു, ‘അമ്മാ അമ്മാ’ എന്ന് കൈനീട്ടി അഗ്നിജ്വാല നോക്കി ഞാൻ നിലവിളിച്ചപ്പോൾ, കുന്തി വന്നെന്റെ വായ പൊത്തി, കണ്ണുരുട്ടി കടിലിലേക്കു വലിച്ചു കൊണ്ടുപോയി, പാണ്ഡു എക്കാലവും കിടന്ന ഇരുണ്ട മൂലയിൽ ബലം പ്രയോഗിച്ചിരുത്തി എന്നെ ഒറ്റക്കാക്കി പുറത്തു പോയി. ‘അമ്മാ അമ്മാ’ എന്ന് മന്ത്രിച്ചുറങ്ങിപ്പോയ ഞാൻ രാവിലെ ആറിത്തണുത്ത ചിതക്കുമുമ്പിൽ പരിഭ്രമിച്ചു നിൽക്കുമ്പോൾ, “ആരോടു ചോദിച്ചാണ് നീ പ്രേതസാന്നിധ്യമുള്ള ചുടലയിൽ വന്നത്?”, എന്ന് ഭീഷണിപ്പെടുത്തി യുധിഷ്ഠിരൻ എന്നെ ചെവിയിൽ പിടിച്ചു വലിച്ചു കൊണ്ടുപോയതോർമ്മ. അമ്മയെ വിളിച്ചു ദിവസങ്ങളോളം ഞാൻ ചിതക്കരികെ പിന്നെയും അലഞ്ഞു. ജീവിച്ചു കൊതി തീരാത്തവളായിരുന്ന മാദ്രിയെന്നു പിന്നീടാണ് ഞാൻ അമ്മയുടെ ജ്യേഷ്ഠനായ മാദ്രരാജാവിൽ നിന്നും കേട്ടറിയുന്നത്. പാണ്ഡുചിതയിൽ മാദ്രിയെ തള്ളിയിടാൻ കൗമാരഭീമന് ആജ്ഞ നൽകിയ കുന്തി, വനവാസത്തിനൊരുങ്ങുമ്പോൾ ചോദിച്ചു, “എങ്ങനെയാവും എന്റെ അന്ത്യം എന്ന് പറയാൻ നിനക്കാവുമോ? പ്രവചന സിദ്ധിയുള്ളവനല്ലേ നീ!” “അമ്മയെ ചുട്ടുകൊന്നതിനു പ്രകൃതി നിങ്ങൾക്ക് തരുന്ന ശിക്ഷ കാട്ടുതീമരണമായിരിക്കട്ടെ എന്നാശംസിക്കാൻ പ്രവചനസിദ്ധി ആ കുഞ്ഞിന് വേണ്ടല്ലോ. അതു വിധാതാവ് വിധിയെഴുതാൻ സ്വീകരിച്ചു. വിധി നടപ്പുമായി നിങ്ങൾ സഹകരിക്കൂ എന്ന് യാത്രാമൊഴി പറഞ്ഞു ഞാനവരെ പ്രകൃതിശക്തി കളുടെ നീതിബോധത്തിനു വിട്ടു.””

◇ 2025/05/17 ◇

“പെരുമാറ്റച്ചട്ടം പരിഗണിച്ചില്ലെന്ന പരാതി വ്യാപകം. എങ്ങനെ പ്രതികരിക്കുന്നു?”, പാണ്ഡവ പാളയത്തിലേക്ക് ആനന്ദനൃത്തം ചെയ്യ, ഗദ കൂലുക്കി നീങ്ങിയ ഭീമനോട് കൊട്ടാരം ലേഖിക ചോദിച്ചു.

“പരാതി വ്യാപകം? പാണ്ഡവരെ അല്ലാതെ കൗരവ പക്ഷത്തു വാ തുറക്കാൻ ഇനിയും ജീവനുള്ളവരുണ്ടോ? ശത്രുവിനെ പിന്തുടർന്ന് ചെന്നപ്പോൾ പാഞ്ചാലിയാണ് ചൂണ്ടിക്കാണിച്ചത്, അതാ വെള്ളക്കെട്ടിൽ കഴുത്തറ്റം ഒളിച്ചിരിക്കുന്ന ദുര്യോധനൻ. പമ്മിച്ചെന്നവന്റെ മുടിപിടിച്ചു വലിച്ചു കരയിൽ കൊണ്ടു വന്നു ആദ്യം കൊടുത്തത് നഗ്നത മറയ്ക്കാൻ പാഞ്ചാലിയുടെ ഉടുതുണിയിലൊരു വലിയ ഭാഗമാണ്. ഞെണുങ്ങാത്ത ഒരു ലോഹ ഗദ സമ്മാനിച്ചാണ് പോരിനു ഞാനവനെ വിളിച്ചത്. മരിച്ചാൽ ഹസ്തിന പുരിയിൽ പൂർണ്ണകായ ലോഹപ്രതിമ ആദ്യ ആണ്ടു ശ്രാദ്ധത്തിൽ പൂർത്തിയാക്കാമോ എന്നവൻ ചോദിച്ചു. യുധിഷ്ഠിരൻ വാക്കു കൊടുത്തു. മനുഷ്യജന്മം വ്യർത്ഥം എന്ന തിരിച്ചറിവിലെത്തിച്ചിരുന്നു ധ്യാനം. പതിനെട്ടുനാൾ പോരാടി തളർന്ന നിനക്കെന്നെ എളുപ്പം കൊല്ലാൻ ഉപായം പറഞ്ഞു തരാം. തുടയിൽ ഒരൊറ്റ ഗദാപ്രയോഗം. ഊർജ്ജം നഷ്ടപ്പെടുത്താതെ അങ്ങനെ നിനക്കെന്നെ കൊല്ലാം. ‘അസ്തിത്വദുഃഖ’വാദി ദുര്യോധനന്റെ അവസാനആഗ്രഹം കർത്തവ്യബോധത്തോടെ സാധിച്ചു കൊടുത്തതാണോ ‘പോരാട്ടത്തിലെ പെരുമാറ്റച്ചട്ട ലംഘനം’ എന്ന് പറഞ്ഞു എനിക്ക് നേരെ നനഞ്ഞ കമ്പിളിയെറിയുന്നത്?”

◇ 2025/05/18 ◇

ശന്തനു മുതൽ പരീക്ഷിത്ത് വരെ, സത്യവതി മുതൽ പാഞ്ചാലി വരെ, കഥാപാത്രങ്ങളെ നന്മ തിന്മയുടെ അലങ്കാരപദങ്ങളിൽ 'നെറ്റിപ്പട്ടം' അണിയിച്ചൊരുക്കില്ല. അങ്ങനെ ചുവരെഴുത്ത് 'ഹസ്തിനപുരി പത്രിക'യിൽ കൊട്ടാരം ലേഖികയുടെ തീരുമാനമായി, പുനരാഖ്യാനത്തിന്റെ അംഗീകൃത മാനിഫെസ്റ്റോ! സ്വാഗതം.

◇ 2025/05/19 ◇

“ദൂരെനിന്നും നോക്കുമ്പോൾ നിങ്ങൾ പരുഷമായി പ്രതികരിക്കുന്നപോലെ തോന്നി. അന്യായമായ ആവശ്യങ്ങൾ വല്ലതും ആളറിയാതെ കുന്തി ഉന്നയച്ചതാണോ പ്രകോപനം?”, കൊട്ടാരം ലേഖിക കർണ്ണനോട്ട് ചോദിച്ചു. പ്രഭാതവെയിൽ വീണ ആ സുന്ദരമുഖം അശാന്തമായിരുന്നു. ചുണ്ടുകൾ വിറച്ചിരുന്നു. കണ്ണുകൾ ഈറനായിരുന്നു.

“നിന്നെ പ്രസവിച്ച സ്ത്രീ എന്നവർ പരിചയപ്പെടുത്തി. നവജാതശിശുവിനെ നീരൊഴുക്കിൽ മരിക്കാൻ വിട്ട ‘കഠിനഹൃദയ’യെ നേർക്കുനേർ കണ്ട ഞെട്ടി, തുറിച്ചുനോക്കിയപ്പോൾ അവർ പ്രതീക്ഷിച്ചുവോ, ആകസ്മികമായി പുഴയോരത്ത് കണ്ടെത്തിയ പെറ്റതള്ളയോടു നിർവ്യാജ സ്നേഹമാണെന്നു? അതിൽ പിടിച്ചവർ എന്നിൽ സ്വാധീനം ചെലുത്താൻ ശ്രമിച്ചു. എക്കാലവും ഹസ്തിനപുരി വിദ്യാലയങ്ങളിൽ, ‘കീഴ്ജാതിക്കാര’നെന്ന് എന്നെ അവമതിക്കുകയും സാമൂഹ്യമായി പാർശ്വവൽക്കരിക്കയും ചെയ്തിരുന്ന അർജ്ജുനനെയും ‘നിങ്ങൾ പെറ്റതാണോ?’ എന്ന് ചോദിക്കാൻ ഞാൻ മുഖം ഉയർത്തിയപ്പോൾ, അവർ ഒരുപക്ഷേ, കരുതി, നവസാഹോദര്യം എന്നിൽ തളിരിട്ടു! കുരുക്ഷേത്ര യുദ്ധത്തിൽ പാണ്ഡവ സുരക്ഷ ഉറപ്പാക്കണമെന്നു, വൈകാരിക സാഹചര്യം ചൂഷണം ചെയ്യു കുന്തി ആവശ്യപ്പെട്ടു. നോട്ടം മാറ്റാതെ, മാതൃത്വത്തിന്റെയും സാഹോദര്യത്തിന്റെയും മൃദുല വികാരം ഉപയോഗിച്ചവർ, കളികഴിഞ്ഞു വരുന്ന എന്റെ ഹൃദയശാന്തത തരപ്പെടുത്താൻ ശ്രമിച്ചപ്പോൾ ഞാൻ ഇടപെട്ടു—ജീവനൊടുങ്ങുംവരെ സൗഹൃദം നിലനിർത്തുമെന്ന് വാക്കുകൊടുത്താണ് ഞാൻ ദുര്യോധനന്റെ കൂട്ടാളിയായത്. അതാണെനിക്ക് അഭിമാനം. പെറ്റകുഞ്ഞിനെ പുഴയൊഴുക്കിൽ മരിക്കാൻ വിട്ട തള്ളയല്ല എന്റെ ‘അമ്മമാതൃക’, അരങ്ങേറ്റ മൈതാനത്തിലെ പൊതുവേദിയിൽ പാണ്ഡവവർ എന്നെ അവഹേളിക്കുകയും നിസ്സാരവൽക്കരിക്കയും ചെയ്യുന്നത് അവിടെ കൂടിയിരുന്ന അഭിജാതസദസ്സു കണ്ടിട്ടും കണ്ടില്ലെന്നമട്ടിൽ ഇരുന്നപ്പോൾ, അവസരോചിതമായി ഇടപെട്ട എന്റെ സ്വാഭിമാനം കാത്തതു, നിങ്ങൾ കൊല്ലാൻ കരുതിയ ദുര്യോധനനാണു. അവൻ എനിക്ക് സംരക്ഷകൻ, എന്നെന്നും വേണ്ടപ്പെട്ടവൻ, അവന്റെ ശത്രുക്കൾ? എനിക്കവർ യുദ്ധത്തിൽ പ്രതിയോഗികൾ!”

“ഗാന്ധാരീവിലാപം നേരിട്ടു കണ്ട ഒരമ്മയെന്ന നിലയിൽ, എങ്ങനെ നിങ്ങൾ പ്രതികരിക്കുന്നു?”, കൊട്ടാരം ലേഖിക പാഞ്ചാലിയോട്ട് ചോദിച്ചു. കുരുക്ഷേത്ര.

“ഗാന്ധാരി തുണികെട്ടി മറയ്ക്കേണ്ടതു സ്വന്തം കണ്ണുകൾ ആയിരുന്നോ?, അതോ, തിരുഹൃദയ ജാലകങ്ങൾ മലർക്കെ തുറന്നുകൊടുത്ത സ്വന്തം ചുണ്ടുകൾ ആയിരുന്നോ?”

“ജലാശയത്തിൽ നിന്നും മുടിവലിച്ചു കരയിൽ എത്തിച്ചശേഷം, ദുര്യോധനന്റെ ചെവിയിൽ നിങ്ങൾ എന്തോ മന്ത്രിക്കുന്നതു കണ്ടല്ലോ, എന്തായിരുന്നു സ്വകാര്യം?”, കൊട്ടാരം ലേഖിക ഭീമനോട്ട് ചോദിച്ചു. കുരുക്ഷേത്ര ദിവസം പതിനെട്ടു. തൊണ്ണൂറിങൻപതു കൗരവരും മരിച്ചു, അതുപോലെ കൗരവ സൈന്യവും, ഇനി കീഴടങ്ങിയാൽ നീ രക്ഷപ്പെടും, ശ്രമിക്കുന്നോ എന്നു ചോദിച്ചപ്പോൾ അവൻചുണ്ടനക്കി, പറഞ്ഞു “എന്റെ തുടയെല്ല് പൊട്ടിച്ചു എന്നെ നിങ്ങൾ ചവിട്ടിക്കൊന്നാലും, അവസാന തുള്ളി ചോര നിലക്കും വരെ ഞാൻ എതിർക്കും, എന്റെ സഹോദരഭാര്യമാർ നിങ്ങൾക്ക് ലൈംഗിക അടിമകൾ ആവേണ്ടി വന്നാലും, നീ ഉൾപ്പെടെ അഞ്ചു പാണ്ഡവരെ കശാപ്പു ചെയ്യാതെ എനിക്ക് അന്ത്യവിശ്രമം ഉണ്ടാവില്ല”.

◇ 2025/05/20 ◇

“അരമനയിൽ നീണ്ടകാലമായി അന്തേവാസിയല്ലേ നിങ്ങൾ? എന്നിട്ടും, ഹസ്തിനപുരിക്കെതിരെ ചാരപ്പണി സ്വകാര്യമായി കൊണ്ടു നടന്നു! നാടിനോട്ട് കൂറില്ലേ?”, കൊട്ടാരം ലേഖിക ധാർമ്മികരോഷത്തോടെ സാക്ഷരവിഭാഗത്തിൽ പെട്ട യുവ വനിതപ്രതിയോട് ചോദിച്ചു. കുരുക്ഷേത്ര, യുദ്ധമേഘങ്ങൾ തിങ്ങുന്ന ദിനങ്ങൾ. “കൗരവ രാജസ്ത്രീകളുടെ അന്തഃപുരത്തിൽ വിശ്വസ്ത ജീവനക്കാരി എന്ന ബഹുമതി കൊണ്ട് എന്ത് ഭൗതികനേട്ടം? നകുലൻ എന്ന പാണ്ഡവ ചാരമേധവി ചോദിച്ചു, “നേട്ടമുണ്ടായോ നിനക്ക് ദേശദ്രോഹക്കുറ് കൊണ്ട്? ഞാൻ നിനക്ക് തരും, കൈനിറയെ നാണയം. യുദ്ധം ജയിച്ചു അധികാരത്തിൽ പാണ്ഡവർ വന്നാൽ, എനിക്ക് കീഴെ നിനക്ക് മറ്റു നാല് പാണ്ഡവർക്ക് നേരെ കണ്ണ് വക്കുന്ന ചാരജോലിയും.” സ്വീകരിച്ചില്ലെങ്കിൽ? വെറുതെ ഇരുന്നു ഞാൻ ജീർണ്ണിക്കും. അതൊഴിവാക്കാൻ നകുലനിർദേശം സ്വീകരിച്ച് പാണ്ഡവഭരണകൂടത്തിൽ സജീവപങ്കാളിയായി. കൗരവ രാജവിധവകളെ കുടിയൊഴിപ്പിക്കുന്നതിൽ എന്റെ സേവനം നകുലൻ പ്രകീർത്തിച്ചു സമ്മാനങ്ങൾ തന്നല്ലോ. പിന്നെ എന്താ ഇനിയും നിങ്ങൾക്കൊരു സംശയദൃഷ്ടി!”

“കൌരവർ നൂറുപേരും ഒരു പക്ഷേ, നിങ്ങളുടെ ആരാധകർ എന്നപോലെ, ‘കൗരവരാജ വധുക്കൾ മിക്കവരും പാണ്ഡവരുടെ പ്രണയിനികൾ’ എന്ന് സംശയം തോന്നിയ സാഹചര്യം എങ്ങനെ നിങ്ങൾ പിന്നീട് നേരിട്ടു?”, കൊട്ടാരം ലേഖിക ചോദിച്ചു.

“മുളയിലേ ഞാൻ നുള്ളിനീക്കി ആ പാണ്ഡവ ദുഷ്പ്രവണത”, സന്യസ്തർവഴി രഹസ്യമായി ദുര്യോധനൻ കൊടുത്തയച്ച പരിമളതൈലങ്ങൾ മേനിയിൽ തേക്കുകയായിരുന്ന പാഞ്ചാലി, കൈ പെട്ടെന്ന് ഒരായുധം പോലെ ഉയർത്തി.

◇ 2025/05/21 ◇

“കൌരവർ യുദ്ധം ജയിച്ചാൽ, ഇപ്പോൾ സൈന്യാധിപ പദവി വഹിക്കുന്ന പിതാമഹന്റെ കൊട്ടാര ഭാവിയെന്താണ്?”, കുരുക്ഷേത്രം ഒമ്പതാം ദിവസം രാത്രി യുദ്ധകാര്യ ലേഖകൻ ഭീഷ്മരെ പാളയത്തിൽ ചോദ്യം ചെയ്തു.

“കൌരവർ ഒരുക്കുന്ന വിമുക്ത സൈനികരുടെ വൃദ്ധസദനത്തിൽ, പട്ടു മെത്ത കിട്ടുന്നതിനേക്കാൾ നല്ലതല്ലേ പാണ്ഡവർ തരാവുന്ന ശരശയ്യ!”

“തടാകതീരത്തെ മരങ്ങൾക്കു താഴെ, ഹസ്തിനപുരിയിലൊന്നും കണ്ടിട്ടില്ലാത്ത തരം ചുവന്ന പഴങ്ങൾ! ഒന്നെടുത്തു ഞാൻ കടിച്ചുനോക്കി, ഹൃദ്യം രുചിയും മണവും. പെറുക്കിക്കൊണ്ടു വന്ന കൂടെ?, നിങ്ങൾക്കും, ഒരുമിച്ചിരുന്നു സംസാരിക്കുമ്പോൾ വായിലേക്കെറിയാൻ? അക്ഷയപാത്രത്തിൽ വാരിത്തിന്നുന്ന ധാന്യഭക്ഷണം തികയുമോ സൈനികക്ഷമതക്കു വേണ്ട കായികപോഷണം? അതോ, വവ്വാലുകൾ കടിച്ച പഴം തിന്നാൽ പനി വരുമെന്ന സന്യസ്തർ പേടിപ്പിച്ചുവോ?”, കൊട്ടാരം ലേഖിക ചോദിച്ചു.

“കൂട നിറയെ പഴം കൊണ്ടു വന്നശേഷം പാണ്ഡവർ കൈകൾ മേലെ എറിഞ്ഞു മുഷിഞ്ഞു പറഞ്ഞു, ഇനിയില്ല ഞങ്ങൾ പെറുക്കാൻ. കാരണം ചോദിച്ചപ്പോൾ, ചിതറിക്കിടക്കുന്ന ഓരോ പഴം പെറുക്കാനും ഭൂമിയോളം നിങ്ങൾ താഴണം. ഭൂമിയിൽ സഹോദരങ്ങൾക്കുമേൽ ആധിപത്യം സ്ഥാപിക്കാൻ, അതിതശക്തികളുടെ അധികാരപ്പെടുത്തൽ കിട്ടിയ പാണ്ഡവർക്കെങ്ങനെ കഴിയും, നിവർന്നു നിൽക്കേണ്ടവർ കുനിഞ്ഞു പെറുക്കണം ഓരോ പഴവും എന്ന് വച്ചാൽ?”

◇ 2025/05/23 ◇

“ഖാണ്ഡവ വനമെന്ന വാക്കു ഞാനുച്ചരിച്ചപ്പോഴേക്കും, നിങ്ങളുടെ ‘താപനില’ കെട്ടു പൊട്ടിച്ചയരാൻ മാത്രം എന്തുണ്ടായി?” കൊട്ടാരം ലേഖിക ദുര്യോധനനോട് ചോദിച്ചു.

“അരമനക്കു പിന്നിലെ സംരക്ഷിതവനത്തിൽ നിന്നും മുറിച്ചെടുക്കുന്ന വന്മരങ്ങളുടെ പാപപരിഹാരമായിട്ടാണ് ഞാൻ, വിദൂരപ്രവിശ്യയായ ഖാണ്ഡവ വനം, തൊട്ടടുത്തെന്ന പോലെ, എക്കാലവും പരിപാലിച്ചതു. അതൊരു സാമ്പ്രദായിക വന സംരക്ഷണം മാത്രമല്ല പ്രകൃതിയോട് മുട്ടുകത്തി ചെയ്ത സന്ധി! മൺവെട്ടിയും വെട്ടുകത്തിയുമായി ഖാണ്ഡവവനത്തിൽ കയറാൻ ശ്രമിക്കുന്നതു് ആരായിരുന്നാലും, കഴുത്തുവെട്ടുമെന്നതൊരു ഹരിത പ്രതിജ്ഞയായി ഉള്ളിലെന്നും എരിഞ്ഞു. യാത്ര കഴിഞ്ഞു ഞാനിന്നു ഹസ്തിനപുരിയിൽ എത്തിയപ്പോൾ കേട്ടു, ധൃതരാഷ്ട്രരെ കബളിപ്പിച്ച കൗന്തേയർ (പാണ്ഡവർ എന്നു ഞാൻ അവരെ വിളിക്കാറില്ല) ഖാണ്ഡവ വനം ഇഷ്ടദാനമായി തീറെഴുതി അവർ വാങ്ങി, മരംവെട്ടാൻ ആയുധങ്ങളുമായി പടിയിറങ്ങിയിരിക്കുന്നു! ഭീമനവിടെ കടപുഴക്കുന്ന ഓരോ വന്മരവും പ്രാണവേദനയിൽ നിലവിളിക്കുമ്പോൾ, കൈതരിക്കയാണവന്റെ കഴുത്തിൽ പിടിമുറുക്കാൻ!”

“പരിഷ്കൃതലോകം ആദരിക്കുകയും, ധാർമ്മികതയില്ലെന്നി പറയുന്നതു് ശ്രദ്ധിക്കയും ചെയ്യുന്ന യുധിഷ്ഠിരനോട് നിങ്ങൾക്കു മാത്രമെന്താ ശീതസമരം?”, മുട്ടുകത്തി കൈമുത്തി, ഇന്ദ്രപ്രസ്ഥം ചക്രവർത്തിനി പാഞ്ചാലിയോട്, കൊട്ടാരം ലേഖിക ചോദിച്ചു. ഹസ്തിനപുരി ഉൾപ്പെടെ ആര്യാവർത്ത നാടുവാഴികളെ, തന്ത്രപരമായി പൂർത്തിയാക്കിയ രാജസൂയ യാഗത്തിലൂടെ സാമന്തന്മാരാക്കിയ പാണ്ഡവരുടെ രാജ്യതന്ത്രക്കാലം.

“അങ്ങനെയാണോ നിങ്ങൾ എന്നെ വായിച്ചെടുക്കുന്നതു! യുധിഷ്ഠിരൻ സംസാരിക്കുന്നതിൽ സത്യം ഉണ്ടോ എന്നതല്ല, ഭാര്യ എന്ന നിലയിൽ എന്റെ പരിഗണനാവിഷയം. നേട്ടംകൊയ്യാൻ അതെല്ലാം സൗകര്യപൂർവ്വം ചവിട്ടു പടികൾക്കു മാത്രമായി സ്വരൂപിക്കുകയും, ഹൃദയശൂന്യമായി വാക്കുകൾ ഉച്ചരിക്കുകയും ചെയ്യുന്നതിലാണെന്റെ കരൾനൊമ്പരം. പാരിസ്ഥിതി പ്രശ്നങ്ങളോടുള്ള പാണ്ഡവരുടെ പ്രഖ്യാപിത നിലപാടു്, “എന്തുവില കൊടുത്തും ഉറപ്പുവരുത്തും വിശ്വപ്രകൃതിയുടെ പരിപാലനം”, എന്നു പറയുക, കടിയേറ്റത്തിനു ഇഷ്ടദാനമായി നേടിയ ഖാണ്ഡവപ്രസ്ഥം തീയിടുക—ഇരട്ടത്താപ്പു തുറന്നു കാട്ടിയ ‘ഹസ്തിനപുരി പത്രിക’യിൽ നിന്നും കേൾക്കണം എനിക്കു് പഴി!”, വരി നിൽക്കുകയായിരുന്ന അടുത്തപടി സന്ദർശകരെ ഹാർദ്ദമായി സ്വാഗതം ചെയ്യുന്ന പൊതുജന സമ്പർക്കത്തിലായിരുന്ന യുധിഷ്ഠിരൻ, കൊട്ടാരം ലേഖികയെ ഒളിനോട്ട പരിധിയിൽ ചെവിയോർക്കുന്നതവൾ ശ്രദ്ധിച്ചു.

◇ 2025/05/24 ◇

“ഈ പൂവിനുവേണ്ടി, കാടായ കാടൊക്കെ ഭീമനെ ഓടിച്ചെന്നോ?”, കൊട്ടാരം ലേഖിക പാഞ്ചാലിയോട് വിസ്മയപ്പെട്ട.

“ശരാശരിഭർത്താവിൽ കവിഞ്ഞു ഭാര്യയോട് പ്രണയം നടിക്കുന്ന പതിവുണ്ട് ഭീമന്. ഗാർഹിക സാഹചര്യങ്ങളിൽ സ്ത്രീക്കു എത്രതിരക്കിലും ഒറ്റ നോട്ടത്തിൽ അതൊക്കെ ശ്രദ്ധിക്കാനാവും. എന്നാലൊട്ടു ഞാൻ പ്രതിഷേധിക്കാറുമില്ല. ഒട്ടും വിട്ടു കൊടുക്കാറുമില്ല. പായക്കുട്ടിൽ വിലപേശാനുള്ള സൗകര്യമായി പ്രണയത്തെ ഭർത്താക്കന്മാർ ദുരുപയോഗം ചെയ്യുന്നു എന്നതൊരു ലജ്ജാകരമായ പ്രലോഭനമെന്നൊന്നും കരുതുന്നുമില്ല. ഭീമപ്രണയം ഞാൻ തിരസ്കരിച്ചില്ല എന്നത് ശരീരഭാഷയുടെ ചമൽക്കാരത്തോടെ ഞാൻ മറ്റനാലു പാണ്ഡവർക്കു മുമ്പിൽ പ്രദർശിപ്പിക്കാറുണ്ട്. കൊതിപ്പിക്കുന്ന പൂമണം വിവാഹപൂർവ്വ പ്രണയാനുഭവമായിരുന്നു. എന്തിനു പൂമാത്രം, പൂമരം പിഴുതു കൊണ്ടുവരാമല്ലോ എന്ന കായികബലകേന്ദ്രിതമായ പ്രണയപ്രതികരണത്തിൽ നിന്നു ഹിക്കാം ആ തരള ഹൃദയം എത്ര സരളം. പ്രിയപൂ തേടി വരാമോ എന്നു ചോദിക്കും മുമ്പ് തന്നെ പാദരക്ഷയോ ആയുധമോ ഇല്ലാതെയവൻ മത്സരഭാവത്തിൽ പടിയിറങ്ങുന്നത് കണ്ടപ്പോൾ, ഇവരെയൊക്കെയാണോ കുന്തി “ദേവസന്തതികൾ” എന്ന് മേനിപറയുക എന്നു ഞാൻ വിസ്മയിച്ച ഓർമ്മ.”

◇ 2025/05/25 ◇

“വാക്കു നീ തെറ്റിച്ചല്ലോ! വഴി നീളെ അമർഷം പുകയുന്നു. ‘അരുതേ കുരുക്ഷേത്ര’ എന്ന നിലവിളി കേട്ട കൗരവർ എല്ലാ ആയുധപ്പുരകളും അത്യാധുനിക സൈനിക പരീക്ഷണശാലകളും ക്രൂരന്മകളുടെയും, കന്തങ്ങളുടെയും സന്മൃഷ്ടീകരണ ശാലകളും നശിപ്പിച്ചപ്പോൾ, അതാ നൊണ്ടിവരുന്നു, പാണ്ഡവപാളയത്തിൽ നിന്നൊരു യുധിഷ്ഠിര മുദ്രയുള്ള അറിയിപ്പ്—കൗരവരുമായി നിശ്ചയിച്ച സമാധാനചർച്ച പാണ്ഡവർ ബഹിഷ്കരിക്കും. അതിനുള്ള കാരണമാണ് വിചിത്രം: ദുര്യോധനന്റെ ശത്രുതാ നിലപാടും വിദ്വേഷ മനോഭാവവും—ഇക്കാലത്തു അതൊക്കെ കടുംബരോഗമല്ലേ എന്നാണു പൗരസമൂഹം പുച്ഛിച്ചുതള്ളുന്നത്”, കൊട്ടാരം ലേഖിക പാണ്ഡവ വക്താവിനോട് ചോദിച്ചു. അജ്ഞാതവാസം കഴിഞ്ഞു വിരാടസഖ്യത്തിൽ എത്തിയ പാണ്ഡവർ, യുദ്ധമുന്നണിയൊരുക്കാൻ ഉപപ്ലവ്യ സൈനിക പാളയത്തിലായിരുന്ന കാലം.

“ആയുധപ്പുര യഥാർത്ഥത്തിൽ നശിപ്പിച്ചുവോ എന്ന് പറയേണ്ടതു് ആരാണു്, കൗരവാനുകൂല്യം പ്രതീക്ഷിക്കുന്ന സന്യസ്ഥരോ? പാണ്ഡവ സൈനിക മേധാവികളോ? നശിപ്പിച്ച എന്നതന്നെ തർക്കത്തിൽ സമ്മതിക്കുക—ആർക്കു തടയാനാവും കള്ളച്ചൂതുകളിയുടെ തനിയാവർത്തനം?”

“ഞങ്ങൾ പ്രലോഭനത്തിനു വഴങ്ങിക്കൊടുക്കുന്നവർ. വയ്യ ഇനിയും ഒരു വ്യാഴവട്ടക്കാല വനവാസം ഈ ജന്മത്തിൽ”, പാണ്ഡവർ ഒറ്റശബ്ദത്തിൽ വികാരാധീനരായി.

“അധാർമ്മികപാണ്ഡവ അധിനിവേശത്തിന്നെതിരെ കുരുക്ഷേത്രവിധവകളുടെ സമരമുഖത്തെ മുന്നണിപ്പോരാളിയായിരുന്ന ദുര്യോധനവിധവ, ഇപ്പോൾ രോഗി! വല്ലായ്മ തോന്നുന്നു. കുട്ടികൾക്ക് അന്നം കൊടുക്കാൻ പോലും ആവാതെ വിങ്ങുമ്പോഴും, കണ്ണുകളിൽ മിന്നലാട്ടമുണ്ടല്ലോ അതെന്താണ്?”, കൊട്ടാരം ലേഖിക അവളെ സാന്ത്വന സ്പർശം ചെയ്തു.

“കൗരവരാജ സ്ത്രീകളെ പതിനെട്ടുനാൾകൊണ്ട് അനാഥവിധവകളാക്കിയ ഭീമൻ എന്ന ‘കൊടുംഭീകര’നെ പിന്നിൽ കയർകുരുക്കിട്ട് മുറുക്കി, തലമുണ്ഡനം ചെയ്തു പുള്ളികുത്തി, കഴുതപ്പുറത്തു നഗരി കാണിക്കലിന് കൊണ്ടുപോവാൻ കൗരവക്കുട്ടികൾക്കു ദിവാസ്വപ്നങ്ങൾ നേരുകയായിരുന്ന ഞാൻ. പ്രിയമിത്രമേ, എത്രയെത്ര അഭിമുഖങ്ങൾ അന്തഃപുരത്തിൽ ചെയ്ത നവവധുക്കളായ ഞങ്ങളെ അപരിചിത ഹസ്തിനപുരിക്ക് നിങ്ങൾ പരിചയപ്പെടുത്തിയതാണ്. ഇരിക്ക എന്ന് നിങ്ങളെ ക്ഷണിക്കാൻ നവവിധവകളുടെ ഈ പുനരധിവാസ കേന്ദ്രത്തിൽ ഒരു ഇരിപ്പിടം പോലും ഇല്ലല്ലോ.”

“ജ്വലിക്കുന്നല്ലോ ഭവതിയുടെ കരിനീലക്കണ്ണുകൾ! കൊടും രോഷമുയരാൻ എന്തുണ്ടായി പ്രകോപനം?” കൊട്ടാരം ലേഖിക പാഞ്ചാലിയുടെ കൈമുത്തി.

“ഇതൊക്കെ നോക്കുമ്പോൾ വസ്ത്രാക്ഷേപം നിസ്സാരമായി ഇപ്പോൾ തോന്നുന്നു! ഭരണഘടനാബാഹ്യമായ അധികാര ദുർവിനിയോഗത്തിൽ ദുര്യോധനയുവത്വം അന്തഃപുരത്തിൽ പണ്ട് നടപ്പാക്കിയ സ്ത്രീവിരുദ്ധ നടപടി, തെളിവെടുപ്പില്ലാതെ കണ്ടപ്പോൾ ഞാൻ ഞെട്ടിപ്പോയി. സ്ത്രീത്വത്തെ അവഹേളിക്കുന്ന എന്തെല്ലാം പരിഷ്കൃത ഹസ്തിനപുരിയുടെ നിയമസംഹിതയിൽ പട്ടിക തിരിച്ചു രേഖയാക്കൽ, ആ കടിലകൗരവൻ എന്നോ തുടങ്ങിയിരുന്നു. ഇവനാണല്ലോ ‘ദേശരത്ന’ പുരസ്കാരം കൊടുത്തു പാണ്ഡവഭരണകൂടം ആദരിച്ചതെന്നോർക്കുമ്പോൾ, സാമൂഹ്യഅനീതി ഓർത്തു ഞാൻ വിയർക്കുന്നു. കൗരവർക്കു വിവാഹമാലോചിക്കുന്ന പെൺകുട്ടികൾ കന്യകമാരായിരിക്കണം എന്ന ദുര്യോധനനിബന്ധന കണ്ടപ്പോൾ എന്റെ ചോര തിളച്ചു. വിവാഹിതകൾ ചാരിത്ര്യം സംരക്ഷിക്കണമെന്നവൻ നിഷ്കർഷിക്കുന്നു! ഇതൊക്കെ പ്രായോഗിക തലത്തിൽ ഉറപ്പുവരുത്തിയിരുന്നതോ, ദുര്യോധന വിധവ! ഇപ്പോൾ പ്രതിപക്ഷനേതാവെന്ന പദവി വഹിക്കുന്ന സ്ത്രീ പക്ഷവാദി ആൾ കൊള്ളാം. കുറച്ചുകാലമായി അവൾ പാണ്ഡവരുടെ പേർ ആരോപണസ്വരത്തിൽ പറഞ്ഞു എന്നെ സഹതാപ പൂർവ്വം പൊതുവേദിയിൽ ‘സൗജന്യമധുരമായി’ പരാമർശിക്കുന്നുണ്ട്. ബഹുഭർതൃത്വം ഞാൻ നേടിയെടുത്ത ദാമ്പത്യ സൗഭാഗ്യമല്ല. ഭർത്തൃമാതാവ് സ്വർണ്ണത്തളികയിൽ വച്ചു നീട്ടിയതാണ്. ആദ്യരാത്രി എന്നോടൊപ്പം കിടക്കുംമുമ്പ് പാണ്ഡവർ കന്യകാത്വം തെളിയിക്കണമെന്ന് ഞാൻ ആവശ്യപ്പെട്ടിട്ടില്ലാത്തതു പോലെ, വിവാഹശേഷം ആരോടൊപ്പം അവർ പായ പങ്കിടുന്നു എന്നോ, സ്വവർഗ്ഗ ഭോഗികളായിരുന്നോ എന്നതൊന്നും എനിക്ക് അന്നും പരിഗണനാ വിഷയമല്ല. വ്യത്യസ്ത ശാരീരിക, വൈകാരിക ആവശ്യത്തിനു ഉപയോഗിക്കാവുന്ന ‘ജൈവികഉരുപ്പടികൾ’ എന്നതിൽ കവിഞ്ഞൊരു രതിമൂർച്ഛയും പാണ്ഡവരിൽ നിന്നും ഞാൻ പ്രതീക്ഷിക്കുന്നില്ല. കാരണം, ഞാൻ ദുര്യോധനവിധവയെ പോലെ ആരോ പ്രസവിച്ച ഏതോ ഹീനമനുഷ്യജന്മമല്ല, അയോനിജ! യാഗാഗ്നിയിൽ നിന്നുയർന്ന അപൂർവ്വയിനം! പാഞ്ചാലി.”

“ചെന്നുകണ്ട് കൈ കൊടുത്ത് പാണ്ഡവ സഖ്യകക്ഷി സൈന്യാധിപരെ നിങ്ങൾ അഭിവാദ്യം ചെയ്യുന്നത് കണ്ടപ്പോൾ ഒന്നു ഞെട്ടി. വാളും കുന്തവും ആയി നിങ്ങൾക്ക് നേരെ കുരച്ചു ചാടാൻ അവർ തയാറായിരുന്നില്ലേ?” കൊട്ടാരം ലേഖിക ദുര്യോധനനെ പാളയത്തിൽ കണ്ടപ്പോൾ ചോദിച്ചു. സന്ധ്യയുദ്ധതലെന്നു.

“ഇവർ നാളെ കൗരവ പക്ഷത്തേക്ക് കൂറുമാറും എന്നു തന്നെ വേണ്ടേ നമ്മുടെ യുദ്ധകാല പ്രത്യാശ?”

◇ 2025/05/27 ◇

“ഇത്തവണ നിന്റെ ദേശാന്തര യാത്രകളിൽ അച്ഛനെ കണ്ടുവോ നീ?”, അർജ്ജുന ഭാര്യ സുഭദ്ര, മകൻ അഭിമന്യുവിനോട്ട് ചോദിച്ചു. യാത്ര കഴിഞ്ഞു് ദ്വാരകയിൽ മടങ്ങിയെത്തിയ മകൻ, അമ്മയുമൊത്തു കടൽത്തീരത്തു് നടക്കുന്ന പ്രഭാതം.

“വിരാട തലസ്ഥാനത്തിൽ എത്തിയപ്പോൾ കണ്ടു, അമ്മാ. പാഞ്ചാലിയുൾപ്പെടെ ആറുപേരും കരുതലോടെ വേഷംകെട്ടി, അരമനയിൽ കഴിയുന്ന അജ്ഞാതവാസക്കാലം. ബ്രഹന്നളയെന്ന സ്ത്രീവേഷം ധരിച്ച അച്ഛൻ, നൃത്തം പഠിപ്പിക്കുന്ന വിരാട രാജകുമാരി ഉത്തരയെ, ‘നിന്റെ ഭാവിവധു’ എന്ന് എനിക്ക്, തിരക്കിലും പരിചയപ്പെടുത്തിയതിൽ വിസ്മയം തോന്നി.”

“സ്വത്വ മുഖംമൂടി”ധരിച്ച മറ്റു പാണ്ഡവരെയും രഹസ്യമായി ഞാൻ ചെന്നു കണ്ടു ഉപചാരം ചൊല്ലി പിരിയുമ്പോൾ, അച്ഛൻ, ബൃഹന്നളയുടെ ശിരോവസ്ത്രം ധരിച്ചു, നഗരാതിർത്തിവരെ കൂടെ വന്നു.

“വരാനിരിക്കുന്ന കുരുക്ഷേത്രയിൽ, കൗരവർക്കെതിരെ മത്സരിക്കുന്ന ദുർബല പാണ്ഡവസൈന്യത്തെ പ്രചോദിപ്പിക്കാൻ നീ, സ്തോഭജനകമായ ‘ഒരപൂർവ്വ’ യുദ്ധസാഹചര്യമുണ്ടാക്കമോ എന്ന് അച്ഛൻ അർത്ഥഗർഭമായി, രഹസ്യഭാവത്തിൽ ചോദിച്ചു. “നിനക്കെന്തെങ്കിലും, ദൈവഹിതത്താൽ, ദുരന്തം സംഭവിച്ചാൽ, വധു ഉത്തരയിൽ നിനക്ക് പിറക്കുന്ന മകനെ ഞങ്ങൾ ഹസ്തിനപുരിയുടെ ഭാവി രാജാവാക്കാം”, എന്റെ കൈപിടിച്ചു്, ചേർത്തു നിർത്തി അച്ഛൻ അനുമതി ചോദിച്ചു. പ്രത്യാശാഭരിതമായി ദ്വാരകയിൽ കാണാറുള്ള ആ സുന്ദരമുഖത്തപ്പോൾ കണ്ട ദൈന്യത ഞാൻ, കൂടുതൽ ചിന്തിക്കാതെ, ‘അങ്ങനെ ആവട്ടെ അച്ഛാ’ എന്ന് വാക്കു കൊടുത്തുപോയി, അമ്മാ”. “പാണ്ഡവന്റെ ആ ചതിയിൽ നീ വീഴരുതായിരുന്നു, എന്റെ മകനേ!” ഭീതി നിറഞ്ഞ മുഖത്തോടെ സുഭദ്ര അഭിമന്യുവിന്റെ ദുരന്തഭാവിയെക്കുറിച്ചു ആകാശത്തേക്കു ആശങ്കയോടെ നോക്കി.

“മുറിച്ചുനീക്കിയ വിവാദമുടി നിങ്ങൾ യുക്തിവാദി ചാർവാകനെ ഏൽപ്പിച്ചിരുന്നെങ്കിൽ, ഏകാംഗ പ്രതിപക്ഷമെന്ന നിലയിൽ വിഖ്യാത പ്രഭാഷണവേദികളിൽ അതുയർത്തിക്കാട്ടി, പീഡക കൗരവരുടെ ആണധികാര പ്രമത്തതക്കു നേരെ പ്രതിരോധ പടച്ചട്ട നിർമ്മിക്കുമായിരുന്നില്ലേ? വെറുതെ അഴിച്ചിട്ടതോടെ, അവസാനിച്ചില്ലേ മുടി ക്കർഹതപ്പെട്ട സുവർണ്ണഅവസരം!”, കൊട്ടാരം ലേഖിക പാഞ്ചാലിയോട്ട് ചോദിച്ചു. വസ്ത്രാക്ഷേപത്തിന്റെ പിറ്റേന്ന് പാണ്ഡവസംഘം വനവാസത്തിനായി പടിയിറങ്ങുന്ന നേരം.

“സഹനത്തിന്റെയും പെണ്ണഭിമാനത്തിന്റെയും പ്രതീകമായി മുടി മുറിച്ചുനീക്കാൻ ഞാൻ പ്രിയനകുലനോട്ട് ആവശ്യപ്പെട്ടതല്ലേ, എന്തു ചെയ്യാം, ആളാകെ വികാര വിവശനായി മുട്ടുകുത്തി കൈകൂപ്പി, “അരുതേ! പ്രിയപ്പെട്ടവളെ!” എന്നവൻ കെഞ്ചി.

“നിന്റെ വിശ്വപ്രസിദ്ധമായ ബഹുഭർത്തൃത്വത്തിന്റെ ഗുണഭോക്താക്കൾ ഞങ്ങൾ. നിന്നോടൊപ്പം നിർവൃതിയിൽ കിടക്കുമ്പോൾ, നാണം മറയ്ക്കാനും, സാന്ത്വനം തേടാനും, മുഖാവരണമായ ഐതിഹാസിക മുടി നീ മുറിച്ചുമാറ്റരുതേ. നിവർത്തിയിട്ട, കുരുവംശമാകെ അലയടിക്കട്ടെ മുറിവേറ്റ പെണ്ണഭിമാനത്തിന്റെ പോരാട്ടകാഹളം. എന്നോടൊപ്പം പത്തുവർഷമായി പായക്കട്ടു കിടക്കുന്ന പാണ്ഡവർ അങ്ങനെ ആവശ്യപ്പെട്ടാൽ എങ്ങനെ ഞാൻ അരുതെന്നു പറയും. അഴിച്ചിട്ട മുടികെട്ടാൻ കൗരവ ചോര തേക്കണം എന്ന നിബന്ധന കൂട്ടിച്ചേർത്തു കൂടെ എന്ന ഭീമയാചനക്കും ഞാൻ ചെവി കൊടുത്തു. പ്രതിജ്ഞ എടുക്കുന്ന കാര്യത്തിലവൻ, നമ്മുടെ ഭീഷ്മപിതാമഹനെ തോൽപ്പിക്കും!”

“പുരുപാണ്ഡവ ഭരണാധിപനെ വഴിയിൽ കണ്ടാൽ നിങ്ങൾ തിരിച്ചറിയുമോ?”, കൊട്ടാരം ലേഖിക ഹസ്തിനപുരി തെരുവോരത്ത് പണിതുടങ്ങിയ ചെരുപ്പകുത്തിയോട്ട് ചോദിച്ചു. കുരുക്ഷേത്ര കഴിഞ്ഞു യുധിഷ്ഠിരൻ സ്ഥാനാരോഹണം ചെയ്ത നാളുകൾ.

“ഇടപാടുകാരന്റെ കാൽ അളന്നു പാദരക്ഷ നിർമ്മിക്കുന്ന ഞാൻ എന്തിനു നുണ പറയുന്നവരുടെ മുഖം നോക്കണം!”

“പാണ്ഡവതലയൊന്നും വെട്ടാത്തതിൽ പിതാമഹനോട്ട് കയർത്തു സംസാരിക്കുന്നതൊക്കെ ശരി, എന്നാൽ പോർക്കളത്തിൽ മികവ് കാണിക്കാത്ത സ്വന്തം അനുജന്മാരെ ശാസിച്ച അനുഭവമുണ്ടോ?”, കൊട്ടാരം ലേഖിക ദുര്യോധനനനെ വെല്ലുവിളിച്ചു. കുരുക്ഷേത്ര സൈനിക പാളയം.

“എന്താ സംശയം? നിത്യവും രാത്രി പോരാട്ടപ്രകടനം വിലയിരുത്തിയേ ഒരു പോള ഞാൻ കണ്ണടക്കൂ. ഇന്നലെ രാവിലെ ഒരു ‘ഇളമുറ’ കൗരവൻ സങ്കടം പറഞ്ഞു, കളിക്കൂട്ടുകാരായിരുന്ന പാണ്ഡവരുടെ ഇടനെഞ്ചിൽ ഞാനെങ്ങനെ വാൾ വീശും. യുദ്ധക്ഷമമല്ലാത്ത അത്തരം മൃദുലവികാരങ്ങൾ തുടച്ചു നീക്കാൻ, കൗരവ മനോഭാവത്തിൽ തിരുത്തലിനായി ഉടനെ അറുശാലയിൽ വിട്ടു. കറവവറ്റിയ വളർത്തുമൃഗങ്ങളെ തലക്കടിച്ചു കൊന്നു, ഭക്ഷ്യയോഗ്യ ഇറച്ചിയാക്കി ഊട്ടുപുരയിലെത്തിക്കുന്ന പണിയിൽ മികവ് നേടിയാൽ മാത്രമേ, പോർക്കളത്തിൽ ഇനി നിയമനം കൊടുക്കൂ. മാതൃകാപരമായ ശിക്ഷ എന്നു തെളിഞ്ഞു. എല്ലാ കൗരവരും ഉടൻ ആയുധം മൂർച്ച കൂട്ടി!”

◇ 2025/05/28 ◇

“പാഞ്ചാലയിൽ നിന്ന് നവവധുവായി വന്ന്, ഹസ്തിനപുരിക്കും ഇന്ദ്രപ്രസ്ഥത്തിനും ഇടക്കുള്ള കുറഞ്ഞ ഒരു കാലയളവിൽ പരിചയപ്പെട്ട നൂറു കൌരവരേയും നിങ്ങൾ പേർ പറഞ്ഞു സ്വാഗതം ചെയ്തിരുന്ന എന്നോ? കൊള്ളാം, ഗാന്ധാരിക്ക് പോലും ആവുമോ, ആ നൂറു മക്കളെ തെറ്റാതെ പേർ വിളിക്കാൻ?”, കൊട്ടാരം ലേഖിക പരിഹസിച്ചു

“കണ്ണ് കെട്ടി, മക്കളെ കാണണ്ട എന്ന് വച്ച ഗാന്ധാരിയെ പോലെയാണോ പഞ്ചേന്ദ്രിയങ്ങൾ പ്രവർത്തനക്ഷമമായ പ്രണയിനി?”

“നിങ്ങളുടെ ജ്യേഷ്ഠനല്ലേ പാഞ്ചാലിയുടെ പീഡകൻ? വസ്ത്രാക്ഷേപക്കാര്യങ്ങൾ കണ്ടമട്ടില്ലല്ലോ, നിങ്ങൾ വനിതാവകാശ സമിതിയുടെ അധ്യക്ഷയല്ലേ!”, കൊട്ടാരം ലേഖിക, ഊഞ്ഞാൽ ആടുന്ന ദുശ്ശളയോട് ചോദിച്ചു.

“ആണുങ്ങൾക്ക് മാത്രം സാന്നിധ്യം അനുവദിച്ച ചൂതാട്ടസഭയിൽ, ഇടിച്ചു കയറിയതൊരു ആചാരലംഘനം എങ്കിൽ, അതിലൂടെ പാഞ്ചാലിക്ക് നവോത്ഥാനം കൊണ്ടു വരാനാവുമെന്ന തോന്നൽ വേണ്ട. വിവാഹം കഴിച്ച പാണ്ഡവനുപുറമെ, നാലു പേരെ കൂടി കുന്തി അവളിൽ അടിച്ചേൽപ്പിച്ചപ്പോൾ, നവവധുവിന്റെ മുൻകൂർ അനുമതി തേടിയില്ല എന്ന ന്യൂനതയാൽ ഞാൻ ബഹുഭർത്തൃത്വത്തെ തന്നെ ചോദ്യം ചെയ്തിരുന്നു. ചൂതാട്ടസഭയിൽ നടപടിക്രമങ്ങളുടെ നഗ്നമായ ലംഘനം അവളിൽനിന്നും മനഃപൂർവ്വം ഉണ്ടായതോടെ, ഖേദം പ്രകടിപ്പിക്കുന്നതിനു പകരം അടിമവ്യവസ്ഥിതിയെ പാഞ്ചാലി അധിക്ഷേപിച്ചു എന്നതു കൊണ്ടും, സ്ത്രീ സ്വാതന്ത്ര്യവാദികളുടെ ആരാധ്യയാവുന്നില്ല, കാരണം അവളുടെ അച്ഛനും അടിമപ്പെൺക്രയവിക്രയം ചെയ്തിരുന്നു, പാണ്ഡവരും അവളറിയാതെ അടിമ പെണ്ണുങ്ങളിൽ അധീശത്വം പുലർത്തി. അവളും പാണ്ഡവരെ അടിമകളായി കണക്കാക്കുന്നതൊന്നും ജനം അറിയാത്തതല്ല. സ്വത്തും പദവിയും നഷ്ടപ്പെട്ട പാണ്ഡവർക്കു വേണ്ടി അവൾ പ്രഹസനം അരങ്ങേറി എന്നേയുള്ളു. പത്തുവർഷം കാട്ടിൽ കുറുനരികൾക്കുമൊപ്പം കഴിയട്ടെ, തിരിച്ചുവരുന്നതൊരു സമ്പൂർണ്ണ പെണ്ണവകാശ പോരാളിയായിട്ടാവും. ക്ഷമിക്കണം തിരക്കുണ്ട് സൈന്ധവദേശത്തേക്കു തിരിച്ചുപോവാൻ സന്നാഹങ്ങൾ ആയി.”

“രക്തരഹിത കൌരവപീഡനത്തിന് എളുപ്പവഴി ഗുരുകാരണവന്മാർ പറഞ്ഞുതന്നില്ലേ?”, കൌരവചോര കൈക്കുമ്പിളിൽ കോരിവന്ന ഭീമനെ, കൊട്ടാരം ലേഖിക പാണ്ഡവപാളയത്തിൽ സമീപിച്ചു. കൌരവരുടെ വെട്ടും കുത്തുമേറ്റ് വശംകെട്ട ഭീമമേനിയിൽ പാറാവുകാരൻ തൈലം പുരട്ടി.

“അന്നേ പാഞ്ചാലിയോട് ഞാൻ പറഞ്ഞതാണ്, യുദ്ധത്തടവുകാരായി പിടിച്ചു. ഒന്നൊന്നായി കൌരവരോട് മധുരപ്രതികാരം ഞാൻ ചെയ്യാം.” പക്ഷേ, അവൾ കുപിതയായി എന്നെ താക്കീത് ചെയ്തു:

“ഗദാപ്രഹരത്താൽ മാന്യമായി വധിക്കു കൌരവരെ, അവരുടെ പുരുഷത്വം നിങ്ങൾ മാനിക്കു!”

◇ 2025/05/29 ◇

“പെരുകിയോ കുറ്റവാളികൾ? ആവശ്യത്തിന് തികയുന്നില്ല കൈവിലങ്ങു എന്നാണല്ലോ ക്രമസമാധാനച്ചുമതല വഹിക്കുന്ന ഭീമന്റെ പരാതി!”, കൊട്ടാരം ലേഖിക ഔദ്യോഗിക വക്താവിനോട് ചോദിച്ചു. നവപാണ്ഡവഭരണം ആദ്യവർഷം.

“ആറു വിലങ്ങുകളാണ് ദുര്യോധനകാര്യാലയത്തിൽ ആകെ ഉണ്ടായിരുന്നത്. പാണ്ഡവരും പാഞ്ചാലിയും വിരാടയിൽ നിന്നും തിരിച്ചു വന്നാൽ, കയ്യോടെപിടിച്ചു അകത്തിടാൻ. കോട്ട വാതിലിനു മുമ്പിൽ കാണാറില്ലേ, നിത്യവും കുരുക്ഷേത്രവിധവകളുടെ പ്രക്ഷോഭം അക്രമാസക്തമാവുന്നതു? വിസ്തരിക്കേണ്ടല്ലോ, നിങ്ങൾ ദൃക്സാക്ഷിയല്ലേ. കാരാഗൃഹത്തിൽ എത്തിക്കും മുമ്പ് പ്രക്ഷോഭകാരികളെ ക്ലച്ചു വിലങ്ങിടേണ്ടേ? കള്ളച്ചൂതിൽ പൗരാവകാശം നഷ്ടപ്പെട്ടവരെ കൗരവർ അങ്ങനെ ചെയ്ത കീഴ്വഴക്കമില്ലേ? എങ്കിലും, കുരുക്ഷേത്രവിധവകളോട് അങ്ങനെ ചെയ്യാമോ? ആറു വിലങ്ങുകളിൽ ഒന്ന് മുറുക്കാൻ ശ്രമിച്ചാൽ കാണാം, മൊത്തം അഴിയുന്നത്. ഭക്ഷ്യക്ഷാമം കാരണം, മെലിഞ്ഞ കൈത്തണ്ടയുള്ള കൗരവവിധവകൾക്കു കൈഊരി ഓടി രക്ഷപ്പെടാൻ കഴിയുന്നതരം വിലങ്ങുകൾ മതിയോ? നാണക്കേടല്ലേ. തൽസ്ഥിതി മാറ്റണം. കൗരവസ്ത്രീകളുടെ മൃദു കൈത്തണ്ടയിൽ മുറിവുണ്ടാക്കാത്തതും, ഭാരം കുറഞ്ഞതും, സ്വർണ വളയുടെ നിറമുള്ളതും, ഇരുമ്പശക്തും പൂട്ടിടാവുന്നതുമായ നവതലമുറ വിലങ്ങിന് ഭീമൻ കർത്തവ്യ ബോധത്തോടെ പണിശാലകളിൽ ഓടിനടക്കുമ്പോൾ, വിഷയമാക്കുന്നതു രാജ്യ ദ്രോഹത്തിനു സമമല്ലേ? യുദ്ധാനന്തര യുധിഷ്ഠിര ഭരണകൂടത്തെ പ്രതിരോധത്തിലാക്കുന്ന വിധം ക്രമസമാധാന പ്രശ്നം നിങ്ങൾ വക്രീകരിച്ചാൽ, കോട്ടക്കകത്തെ സൗജന്യ വസതിയും ഊട്ടുപുര ഭക്ഷണവും പുനഃപരിഗണനക്കു വിധേയമാകുമേ!”

“സൈനിക മന്ത്രാലയത്തിന്റെ ചുമതലയേറ്റെടുക്കുന്ന നിങ്ങളെ ക്ഷണിച്ചു വിളിച്ചാണല്ലോ കൗരവരാജ വിധവകൾ ‘സ്വാഗതം’ ചെയ്തത്! അടുത്ത ‘മഹായുദ്ധം’ ആരോടാണെന്ന ആലോചന തുടങ്ങും മുമ്പ്, ഒന്നോർത്തെടുക്കാമോ കുരുക്ഷേത്ര കൗരവസ്മരണ?” കൊട്ടാരം ലേഖിക ചോദിച്ചു.

“വ്രതശുദ്ധിയോടെ, പരമ പവിത്രമായി നിർമ്മിക്കുന്ന പ്രാചീനകണ്ണാടി എനിക്ക് സമ്മാനമായി കിട്ടി, ദൂരെ ദക്ഷിണാപഥത്തിൽ, പള്ളിയോടങ്ങൾക്കും വള്ളംകളിക്കും പേരുകേട്ട പമ്പാ തീരത്തെ, ആറന്മുള, മലയസ്വരൂപത്തിന്റെ യുവ നാടുവാഴി, സഖ്യസൈന്യവുമായി കുരുക്ഷേത്രയിൽ വന്നപ്പോൾ! മുഖം നോക്കുന്നതു പോകട്ടെ, കൈകഴുകാൻ പോലും സൗകര്യമില്ലാത്ത യുദ്ധത്തിൽ എനിക്കതു കൊണ്ടെത്തുണ്ടായി നേട്ടമെന്നോ? കൊല്ലുംമുമ്പ് പ്രഖ്യാപിത ശത്രുവിനു അവന്റെ യാഥാർത്ഥ ‘പോർക്കളമുഖം’ ആധികാരികമായി കണ്ണാടി കാട്ടിക്കൊടുത്തു. ഞെട്ടലനുഭവത്തിലൂടെ ആയിരുന്നു, എന്റെ ക്രൂര വിരലുകൾക്കവർ ഇടനെഞ്ചു വിരിയിച്ചതു. നിനക്കും കാണണോ നിന്റെ “യഥാർത്ഥമുഖം”? അതോ, പുതുപാണ്ഡവ ഭരണകൂടത്തോട് നീ ഇനിയെങ്കിലും കൂറ് പുലർത്തുമോ?”

◇ 2025/05/30 ◇

“നിയമക്കുരുക്കിൽ നിങ്ങൾക്കനുകൂലമായി കൗരവരിൽ ആരും മുന്നോട്ട് വന്നിട്ടില്ലല്ലോ. കുരുക്ക് മുറുകുന്ന എന്നു വേണോ വായിച്ചെടുക്കാൻ?” കൊട്ടാരം ലേഖിക പ്രതിദ്വ്യോധനനെ ചോദ്യം ചെയ്തു.

“ഒച്ചവക്കാനും മൗനം പാലിക്കാനും അവസരങ്ങൾ ലഭിക്കുന്ന വലിയ സാഹോദര്യമല്ലേ നൂറുപേർ ഉള്ള കൗരവർ? പരസ്യ പ്രസ്താവന സ്വയം ഒഴിവാക്കുമ്പോഴും, അവർ രഹസ്യമായി എനിക്ക് തരുന്ന പിന്തുണയാണ് ഈ ഐതിഹാസിക കൗരവ കൂട്ടായ്മയുടെ ആന്തരീക സൗന്ദര്യം.”

◇ 2025/05/31 ◇

“എന്തായിരുന്നു രാജാവിന് പതിവ് തെറ്റിച്ച് നിങ്ങളുടെ വക ഒരു നിവേദനം? എല്ലാ സംഭവവികാസത്തിനും ചെകിടോർക്കുന്ന അന്ധ ധൃതരാഷ്ട്രർ എങ്ങനെ പ്രതികരിച്ചു?” കൊട്ടാരം ലേഖിക യുധിഷ്ഠിരനോട് ചോദിച്ചു. അജ്ഞാതവാസം കഴിഞ്ഞു പണ്ഡവസംഘം, പൗരാവകാശങ്ങളും സ്ഥാവര ജംഗമസ്വത്തുക്കളും തിരിച്ചു കിട്ടാനും, വേണ്ടിവന്നാൽ യുദ്ധം ഒഴിവാക്കാനും രാജാവിനെ കാണാൻ വന്ന നേരം. ക്രമം തെറ്റിയ സന്ദർശനത്തെ അംഗീകരിക്കാതെ കൗരവസംഘം യുദ്ധഭൂമിയിലേക്ക് യാത്ര തുടങ്ങിയ പ്രഭാതം.

“പാഞ്ചാലിയുടെ കൈപ്പടയിൽ ഉള്ള നിവേദനം കൈപ്പറ്റി, അതു വിശ്വസ്തൻ വഴി വായിച്ചറിഞ്ഞ ശേഷം പാണ്ഡവ നിവേദനം നിലവിലെ സാഹചര്യത്തിൽ പരിഗണനാർഹമാണോ എന്നറിയാൻ മന്ത്രി വിദുരരുമായി സംസാരിക്കും. അതുവരെ പാണ്ഡവർ യുദ്ധമോഹം താഴെ ഇടണം. മൗനം പാലിക്കണം. ശക്തനാണെങ്കിലും രാജാവ് നീതിമാൻ ആയതുകൊണ്ട് നേരത്തെ ഇഷ്ടദാനം ചെയ്ത ഖാണ്ഡവ പ്രസ്ഥം തിരികെ തരാൻ നിയമപരമായ നടപടി ക്രമങ്ങൾ തുടർന്ന് പരിഗണിക്കും. പരിസ്ഥിതി പരിപാലനം സംബന്ധിച്ച് ഖാണ്ഡവപ്രസ്ഥത്തിൽ പാണ്ഡവർക്ക് സംഭവിച്ച പാകപ്പിഴ വിശദമായി അന്വേഷിക്കും. പെട്ടെന്ന് വിളിച്ചാൽ വരാവുന്ന അരികെ പാളയം കെട്ടി ആറുപേർ ആധ്യാത്മിക ചിന്തയുമായി താമസിക്കുക. ആൾമാറാട്ടം അരുത്!”

“നിങ്ങൾ മൂന്ന പാണ്ഡവർ കണ്ട നിൽക്കുമ്പോഴല്ലെ കൌരവർ അഭിമന്യുവിനെ ചവിട്ടിയും കുത്തിയും പച്ചക്ക് കൊന്നത്? നിങ്ങൾ നിരായുധർ ആയിരുന്നില്ലല്ലോ. ഇടിച്ചു കയറി ചക്രവ്യൂഹംഭേദിച്ച് ‘കുട്ടി’യെ പൊക്കി പുറത്തു ചാടാൻ നിങ്ങൾക്കൊന്നും ആയില്ലേ?” കൊട്ടാരം ലേഖിക ചോദിച്ചു. അർജ്ജുനപുത്രന്റെ ശവദാഹം കഴിഞ്ഞു പാണ്ഡവർ പാളയത്തിൽ സംവാദത്തിൽ ഏർപ്പെട്ട നേരം.

“നൂറു പാണ്ഡവക്കുട്ടികൾ യുദ്ധത്തിൽ മരിച്ചാലും ഒരു കൌരവക്കുട്ടിയും അന്യായവധത്തിനു ഇരയാവരുത് എന്ന ദ്രോണവചനം ഗുരുകുലത്തിൽ പഠിച്ചത് അപ്പോൾ ഞങ്ങൾ ഓർത്തു.”

“നവജാതശിശുക്കളെ നീരൊഴുക്കിൽ മുക്കിക്കൊല്ലുന്ന ഭീകരജലജീവിയായി മഹാരാജാവ് ശന്തനു നിങ്ങളെ ഹസ്തിനപുരിയിൽ ചിത്രീകരിക്കുന്നതിൽ നീരസമുണ്ടോ? ഏഴു കുഞ്ഞുങ്ങളെയും നിങ്ങൾ സ്വയം വകവരുത്തി എന്നാണ് രാജസഭയിൽ, സ്തോഭജനകമായ ആംഗ്യങ്ങളോടെ നിലവിളിച്ചയാൾ പ്രഖ്യാപിച്ചത്!” മഹാറാണിയെ ഗംഗയാറിന്റെ തീരത്തു സംശയകരമായ രീതിയിൽ കണ്ടപ്പോൾ കൊട്ടാരം ലേഖിക ചോദിച്ചു.

“പ്രസവാനന്തര വിഷാദരോഗത്തിലൂടെ കടന്നു പോവുന്ന നിർഭാഗ്യവതികളായ അമ്മമാരുടെ ശാരീരികവും വൈകാരികവുമായ പ്രശ്നങ്ങളെ കുറിച്ചെന്തെങ്കിലും ആ പഴയമനുഷ്യനു അറിവോ അനുകമ്പയോ ഉണ്ടോ? പെറ്റകുഞ്ഞിനു പാലൂട്ടാനിഷ്ടപ്പെടുന്നോരമ്മ എങ്ങനെ അയാളുടെ കരിങ്കണ്ണിൽ കൊലയാളിയായി? തീവ്രവൈകാരിക വ്യതിയാനമുണ്ടാകാൻ സാധ്യതയുള്ള പ്രസവാനന്തര പ്രതിസന്ധിയെ ആ കിരീടധാരി എത്ര കൗശലപൂർവ്വം ഭീകരപ്രവർത്തനത്തിനു ഭൂമികയായി പ്രഖ്യാപിച്ചു! ളുങ്ങിക്കിടക്കുന്ന വയറും കറുത്തിരുണ്ട കഴുത്തുമൊക്കെ കാണുമ്പോൾ, കാമാസക്തനുണ്ടാവുന്ന നിരാശയാണ് ആ വാക്കുകളിൽ ഒളിച്ചു കിടക്കുന്നതു. പെണ്ണുടലിനു മാത്രമല്ല പെൺമനത്തിനും എന്തെല്ലാം പ്രശ്നങ്ങൾ വരാമെന്നൊക്കെ ഒഴുക്കൻരീതിയിൽ ഒന്ന് പറഞ്ഞാൽ, ഞാൻ നേരിട്ട പ്രശ്നത്തിന് ശാശ്വതപരിഹാരമാവുമോ? ഗർഭകാലത്തെല്ലാം ഇഷ്ടംപോലെ വാരിവലിച്ചു കഴിച്ച എനിക്ക് പ്രസവം കഴിഞ്ഞപ്പോൾ വിശപ്പ് തീരേയില്ലെന്ന അവസ്ഥയായി എന്നയാൾ സമ്മതിക്കുന്നുണ്ടല്ലോ. എനിക്ക് അതിനെക്കാളൊക്കെ വിഷമം, പെറ്റകുഞ്ഞിന് ഊട്ടാൻ മുലപ്പാൽ കിട്ടുന്നില്ലല്ലോ എന്നോർത്തായിരുന്നു. കുഞ്ഞു വിശന്നുകിടന്ന കരയുമ്പോൾ തള്ളക്കു നോവില്ലേ. പുംബീജദാതാവ് മാത്രമായ രാജാവിനെ എന്റെ മുലപ്പാൽ പ്രശ്നം ഓർമ്മിപ്പിക്കാൻ കുഞ്ഞിനെ പുഴയിൽ എടുത്തെറിയുമെന്ന് ഞാനൊന്ന് ഭീഷണിപ്പെടുത്തി. അരുതേ അരുതേ എന്ന് വിലപിക്കാനല്ലാതെ, രാജാവ് ചെയ്യേണ്ടത് എന്ത് ചെയ്യ എന്നന്വേഷിക്കു. ഓരോ പ്രസവത്തിനുശേഷവും ഞാൻ ആത്മഹത്യക്കു ശ്രമിച്ചു. അപ്പോൾ അയാൾ നിസ്സഹായത നടിച്ചു എന്റെ കാലിൽ വീഴും, കുഞ്ഞിനെ പുഴയിലൊഴുക്കാൻ പരോക്ഷമായി പ്രേരിപ്പിക്കും. ശാരീരികബന്ധം കഴിഞ്ഞാൽ മാസമുറ തെറ്റിയോ എന്ന പ്രത്യാശാഭരിതമായ ചോദ്യവുമായി ഇടയ്ക്കിടെ അന്തഃപുരത്തിൽ എന്നെ പിടികൂടും. എല്ലാറ്റിനുമില്ലേ അതിരു?ഏഴുകുഞ്ഞുങ്ങളുടെ കാര്യത്തിലും അതുണ്ടായി എന്നതിൽ കവിഞ്ഞൊരു കുമ്പസാരവും ചെയ്യാൻ ഇപ്പോൾ ഞാനാളല്ല. യാഥാസ്ഥിതിക മാതൃത്വത്തേക്കാൾ ഉന്നതമായ മാനവ സങ്കല്പങ്ങൾ ഉണ്ട്. അതൊക്കെ ഈ തീയതി തെറ്റിയ മാടമ്പിശന്തനു എങ്ങനെ അംഗീകരിക്കാനാണ് അല്ലെ!”

കെ പി നിർമ്മൽകുമാർ



കവി, നോവലിസ്റ്റ് , ചെറുകഥാകൃത്ത്. ആദ്യ കഥ “ഇരുമ്പിന്റെ സംഗീതം” മാതൃഭൂമി ആഴ്ചപ്പതിപ്പിൽ വന്നു. ആദ്യസമാഹാരമായ “ജലം” കേരളം സാഹിത്യ അക്കാഡമി അവാഡ് നേടി.

പ്രസിദ്ധീകരിച്ച പുസ്തകങ്ങൾ

കഥാസമാഹാരങ്ങൾ

1. ഒരു സംഘം അഭയാർത്ഥികൾ
2. കൃഷ്ണഗന്ധകജ്വാലകൾ
3. ചേലക്കരയുടെ അതീതസ്വപ്നങ്ങൾ
4. പ്രവീൺ നമ്പൂതിരിപ്പാട് പരാതി തുടരുന്നു
5. മാനാഞ്ചിറയിലെ പൊട്ടിച്ചിരിക്കുന്ന പത്രാധിപർ
6. തിരഞ്ഞെടുത്ത കഥകൾ

നോവൽ

1. ജനമേജയന്റെ ജിജ്ഞാസ
2. ഇന്നത്തെ അതിഥി അതീതശക്തി

പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണ് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളത്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളൊ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണ്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണ്. അയയ്ക്കേണ്ട വിലാസം: <info@sayahna.org>.
- പ്രതികരണങ്ങൾ <info@sayahna.org> എന്ന ഇമെയിലിലേയ്ക്കോ, ഈ വെബ് പേജിൽ കമന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണ്. അവ സായാഹ്നപ്രവർത്തകർക്ക് കൂടുതൽ ഉത്തേജനം നൽകുന്നതാണ്.

സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014